**അടിയന്തരപ്രമേയം**

മലബാർ മേഖലയിലെ പ്ലസ് വൺ സീറ്റുകളുടെ അപര്യാപ്തത

മി. സ്പീക്കർ: മലബാർ മേഖലയിൽ ജില്ലകളിൽ പ്ലസ് വൺ സീറ്റിന്റെ കുറവുമൂലവും പുതിയ പ്ലസ് വൺ ബാച്ചുകൾ അനുവദിക്കാത്തതുമൂലവും എസ്.എസ്.എൽ.സി. പരീക്ഷ വിജയിച്ച വിദ്യാർത്ഥികളുടെ ഉപരിപഠനം പ്രതിസന്ധിയിലായതിനാൽ ആയതിനായി പറയപ്പെടുന്ന സാഹചര്യം ചർച്ച ചെയ്യുന്നതിനായി സഭാനടപടികൾ നിർത്തിവയ്ക്കണമെന്ന ഉപക്ഷേപം പരിഗണനയ്ക്കെടുക്കണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ. എൻ. ഷംസുദ്ദീൻ, സണ്ണി ജോസഫ്, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

പൊതുവിദ്യാഭ്യാസ - തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, അടിയന്തരപ്രമേയ നോട്ടീസിൽ സൂചിപ്പിച്ചിരിക്കുന്നതുപോലെ എസ്.എസ്.എൽ.സി. പാസ്സായ വിദ്യാർത്ഥികൾക്ക് ഉപരിപഠനത്തിന് യാതൊരു പ്രതിസന്ധിയും അവിടെയില്ല എന്നുള്ളതാണ് സത്യം. കഴിഞ്ഞ

ആഴ്ചയാണ് പ്രതിപക്ഷ ഉപനേതാവിന്റെ നേതൃത്വത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെക്കണ്ട് ഒരു നിവേദനം നൽകുന്നതിനുവേണ്ടി തയ്യാറായത്. പ്രതിപക്ഷ ഉപനേതാവ് പറഞ്ഞ കാര്യങ്ങളെല്ലാം വളരെ ശ്രദ്ധയോടുകൂടി ബഹുമാനപ്പെട്ട മുഖ്യമന്ത്രി കേട്ടു. തദവസരത്തിൽ ഞാനും അവിടെയുണ്ടായിരുന്നു. ഒന്നാംഘട്ട അലോട്ട്മെന്റിന്റെ നടപടിക്രമങ്ങൾതന്നെ പൂർത്തീകരിച്ചിട്ടില്ല, മൂന്നാംഘട്ട അലോട്ട്മെന്റ് പൂർത്തീകരിച്ചശേഷം എന്തെങ്കിലും കുറവുണ്ടെങ്കിൽ അക്കാര്യം അപ്പോൾ പരിശോധിക്കാമെന്ന നിലയിലാണ് ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവിനോട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സൂചിപ്പിച്ചത്. 2024-ലെ എസ്.എസ്.എൽ.സി. പരീക്ഷ 2920 സെന്ററുകളിലായി 427153 വിദ്യാർത്ഥികൾ മാർച്ച് 4 മുതൽ 25 വരെ പരീക്ഷ എഴുതി. ഉത്തരക്കടലാസ്സുകളുടെ മൂല്യനിർണ്ണയം സംസ്ഥാനത്ത് 70 ക്യാമ്പുകളിലായി ഏപ്രിൽ മാസം 3 മുതൽ 26 വരെയുള്ള 14 പ്രവൃത്തിദിനങ്ങൾകൊണ്ട് പൂർത്തീകരിക്കുന്നതിന് കഴിഞ്ഞു. ആകെ 10863 അധ്യാപകർ മൂല്യനിർണ്ണയ ക്യാമ്പുകളിൽ പങ്കാളികളായി. നേരത്തെതന്നെ എസ്.എസ്.എൽ.സി. പരീക്ഷാഫലം പ്രഖ്യാപിക്കുമെന്ന് വിദ്യാഭ്യാസ വകുപ്പ്

പറഞ്ഞതിൽനിന്നും പത്ത് ദിവസം മുമ്പുതന്നെ അതായത് മേയ് മാസം 8-നുതന്നെ എസ്.എസ്.എൽ.സി. പരീക്ഷാഫലം പ്രഖ്യാപിക്കാൻ സാധിച്ചു. പ്രസ്തുത പരീക്ഷയിൽ 99.69% വിദ്യാർത്ഥികളാണ് വിജയിച്ചത്. 71831 വിദ്യാർത്ഥികൾ എല്ലാ വിഷയങ്ങൾക്കും എ പ്ലസ് വാങ്ങി. 2022, 2023, 2024 എന്നീ മൂന്ന് വർഷങ്ങളിൽ ഏറ്റവും കൂടുതൽ എ പ്ലസ് നേടിയത് ഈ വർഷത്തെ പരീക്ഷയിലാണെന്ന കാര്യം ഞാൻ സൂചിപ്പിക്കുകയാണ്. ഇപ്രാവശ്യം പരീക്ഷാഫലം പ്രഖ്യാപിക്കുന്നതിനോടൊപ്പംതന്നെ പ്ലസ് വൺ പ്രവേശനത്തിന്റെ പ്രോസ്പെക്ടസും ഷെഡ്യൂളും പ്രഖ്യാപിക്കാൻ കഴിഞ്ഞുവെന്നത് ഞാൻ അഭിമാനത്തോടുകൂടി ഇവിടെ പറയുകയാണ്. സാധാരണഗതിയിൽ പരീക്ഷാഫലം പ്രഖ്യാപിച്ച് ഒരു മാസക്കാലം ഇതിന്റെ ഷെഡ്യൂളും മറ്റ് പ്രോസ്പെക്ടസിനും നടപടികൾക്കുംവേണ്ടി പോകുന്നതാണ്. പ്ലസ് വൺ പ്രവേശനത്തിന് യോഗ്യത നേടിയ വിദ്യാർത്ഥികളുടെ എണ്ണം 425563 ആണ്. പ്ലസ് വൺ പ്രവേശനത്തിനുവേണ്ടി സർക്കാർ എയ്ഡഡ് മേഖലയിൽ 378485 സീറ്റുകളും അൺ എയ്ഡഡ് മേഖലയിൽ 54986 സീറ്റുകളും ചേർന്ന് ആകെ 433471 സീറ്റുകൾ ഇപ്പോൾ ലഭ്യമാണ്. കേരളത്തിലെ ആകെ സീറ്റുകൾ

433471 ആണ്. സംസ്ഥാനത്തൊട്ടാകെ ആകെ 421661 പേര്‍ അപേക്ഷിച്ചിട്ടുണ്ട്. സംസ്ഥാനതലത്തില്‍ മിച്ചം വരുന്നത് 11810 സീറ്റുകളാണ്.

കോഴിക്കോട് ജില്ലയില്‍ ഈ വര്‍ഷം എസ്.എസ്.എല്‍.സി. പാസ്സായ 43730 വിദ്യാര്‍ത്ഥികളില്‍ എല്ലാ വിഷയത്തിനും എ പ്ലസ് ലഭിച്ചത് 8931 വിദ്യാര്‍ത്ഥികളാണ്. ഞാന്‍ അതിന്റെ മറ്റ് വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. നിലവില്‍ കോഴിക്കോട് ജില്ലയില്‍ എസ്.എസ്.എല്‍.സി. പാസ്സായ മുഴുവന്‍ വിദ്യാര്‍ത്ഥികള്‍ക്കും പ്ലസ് വണ്‍-ന് പ്രവേശം കൊടുത്താല്‍തന്നെ 8248 സീറ്റുകള്‍ അധികമുണ്ടാകുമെന്ന കാര്യം ഞാനിവിടെ സൂചിപ്പിക്കാന്‍ ആഗ്രഹിക്കുകയാണ്.

പാലക്കാട് ജില്ലയില്‍ ഈ വര്‍ഷം എസ്.എസ്.എല്‍.സി. പാസ്സായ 39554 വിദ്യാര്‍ത്ഥികളില്‍ എല്ലാ വിഷയത്തിനും എ പ്ലസ് ലഭിച്ചത് 4495 വിദ്യാര്‍ത്ഥികള്‍ക്കാണ്. അവിടെ എസ്.എസ്.എല്‍.സി. പാസ്സായ മുഴുവന്‍ വിദ്യാര്‍ത്ഥികള്‍ക്കും പ്ലസ് വണ്‍-ന് പ്രവേശം കൊടുത്താല്‍തന്നെ 2266 സീറ്റുകള്‍ അധികം വരുമെന്ന കാര്യം ഞാനിവിടെ സൂചിപ്പിക്കുകയാണ്.

വയനാട് ജില്ലയിൽ ഹയർസെക്കണ്ടറി മേഖലയിലെ 11360 സീറ്റുകൾക്ക് പുറമെ വൊക്കേഷണൽ ഹയർസെക്കണ്ടറി മേഖലയിലെ 840 സീറ്റുകളും ഐ.ടി.ഐ. മേഖലയിലെ 884 സീറ്റുകളും പോളിടെക്നിക് മേഖലയിലെ 390 സീറ്റുകളുംകൂടി ആകെ 13484 സീറ്റുകൾ റെഗുലർ പഠനത്തിനായി ലഭ്യമാണ്. വയനാട് ജില്ലയിൽ എസ്.എസ്.എൽ.സി. പാസ്സായ മുഴുവൻ വിദ്യാർത്ഥികൾക്കും പ്ലസ് വൺ-ന് പ്രവേശം കൊടുത്താൽതന്നെ 1962 സീറ്റുകൾ മിച്ചം വരുമെന്നുള്ള കാര്യം ഞാൻ സൂചിപ്പിക്കുകയാണ്.

കണ്ണൂർ ജില്ലയിൽ ഈ വർഷം എസ്.എസ്.എൽ.സി. പാസ്സായ 36026 വിദ്യാർത്ഥികളിൽ എല്ലാ വിഷയത്തിനും എ പ്ലസ് ലഭിച്ചത് 7026 വിദ്യാർത്ഥികൾക്കാണ്. അവിടെ എസ്.എസ്.എൽ.സി. പാസ്സായ മുഴുവൻ വിദ്യാർത്ഥികൾക്കും പ്ലസ് വൺ-ന് പ്രവേശം കൊടുത്താൽതന്നെ 5946 സീറ്റുകൾ അധികമുണ്ടാകും.

കാസർഗോഡ് ജില്ലയിൽ ഈ വർഷം എസ്.എസ്.എൽ.സി. പാസ്സായ 20477 വിദ്യാർത്ഥികളിൽ എല്ലാ വിഷയത്തിനും എ പ്ലസ് ലഭിച്ചത് 3006 വിദ്യാർത്ഥികൾക്കാണ്. ഈ ജില്ലയിൽ എസ്.എസ്.എൽ.സി. പാസ്സായ

മുഴുവൻ വിദ്യാർത്ഥികൾക്കും പ്ലസ് വൺ-ന് പ്രവേശം കൊടുത്താൽതന്നെ 1684 സീറ്റുകൾ മിച്ചമുണ്ടാകും.

മി. സ്പീക്കർ: പ്ലീസ്........പ്ലീസ്........

പൊതുവിദ്യാഭ്യാസ - തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): ഞാൻ പറഞ്ഞോട്ടെ......... ഞാൻ ബഹളമൊന്നുമുണ്ടാക്കുന്നില്ലല്ലോ..........

സർ, മലപ്പുറം ജില്ലയിൽ ആകെ പ്ലസ് വൺ സീറ്റുകൾ 73916 ആണ്. അതിൽ സയൻസ് സീറ്റുകൾ 28646-ഉം കൊമേഴ്സ് സീറ്റുകൾ 23100-ഉം ഹ്യൂമാനിറ്റീസ് സീറ്റുകൾ 19290-ഉം ആണ്. സർക്കാർ സ്കൂളുകളിലെ ആകെ സീറ്റുകൾ 34060 ആണ്. അതിൽ സയൻസ് സീറ്റുകൾ 12480-ഉം കൊമേഴ്സ് സീറ്റുകൾ 11180-ഉം ഹ്യൂമാനിറ്റീസ് സീറ്റുകൾ 11400-ഉം ആണ്. എയ്ഡഡ് സ്കൂളുകളിലെ ആകെയുള്ള 25690 സീറ്റുകളിൽ സയൻസ് സീറ്റുകൾ 11530-ഉം കൊമേഴ്സ് സീറ്റുകൾ 7820-ഉം ഹ്യൂമാനിറ്റീസ് സീറ്റുകൾ 6340-ഉം ആണ്. അൺ എയ്ഡഡ് സ്കൂളുകളിലെ ആകെ സീറ്റുകൾ 11286 ആണ്. അതിൽ സയൻസ് സീറ്റുകൾ 4636-ഉം കൊമേഴ്സ് സീറ്റുകൾ 4100-ഉം ഹ്യൂമാനിറ്റീസ് സീറ്റുകൾ 2550-ഉം ആണ്. മലപ്പുറം ജില്ലയുടെ കാര്യം ഞാൻ വളരെ വിശദമായി

പരാമർശിച്ചതാണ്. 74840 വിദ്യാർത്ഥികളാണ് ജില്ലയ്ക്കുള്ളിൽനിന്ന് പ്ലസ് വൺ സീറ്റുകൾക്കായി അപേക്ഷിച്ചിട്ടുള്ളത്. ഹയർ സെക്കൻഡറി മേഖലയിലെ 71036 സീറ്റുകൾക്ക് പുറമെ വൊക്കേഷണൽ ഹയർ സെക്കൻഡറി മേഖലയിലെ 2850 സീറ്റുകളും ഐ.ടി.ഐ. മേഖലയിലെ 5484 സീറ്റുകളും പോളിടെക്നിക് മേഖലയിലെ 880 സീറ്റുകളും ഉൾപ്പെടെ മലപ്പുറം ജില്ലയിൽ റെഗുലർ പഠനത്തിനായി 80250 സീറ്റുകൾ ലഭ്യമാണെന്ന കാര്യം ഇവിടെ സൂചിപ്പിക്കുകയാണ്. ഇതിനുപുറമെ SCOLE - Kerala (State Council for Open and Lifelong Education – Kerala)-യിലും ധാരാളം കുട്ടികൾ ഹയർ സെക്കൻഡറി പഠനത്തിനായി രജിസ്റ്റർ ചെയ്യുന്നുണ്ട്. അലോട്ട്മെന്റിന് മുമ്പുള്ള കണക്ക് പ്രകാരം മലപ്പുറം ജില്ലയിൽ ആകെ പ്ലസ് വൺ സീറ്റുകൾ 80250 ആണ്. ജില്ലയ്ക്കുള്ളിൽനിന്നുള്ള അപേക്ഷകർ 74840 ആണ്. ഇവിടെ ബാക്കി വരുന്ന സീറ്റുകൾ 5410 ആണ്. മുൻകാലങ്ങളിലെ പ്രവേശനത്തോത് അടിസ്ഥാനപ്പെടുത്തിയാൽ നിലവിൽ ആവശ്യത്തിന് സീറ്റുകൾ മലപ്പുറം ജില്ലയിൽ ലഭ്യമാണ്. അഡ്മിഷൻ നടപടികൾ പൂർത്തീകരിച്ചപ്പോൾ 2021-22 അധ്യയന വർഷത്തിൽ 5446-ഉം 2022-23 അധ്യയന വർഷത്തിൽ 4300-ഉം

സീറ്റുകൾ ഒഴിഞ്ഞുകിടക്കുകയായിരുന്നു. 2023-24 അധ്യയന വർഷത്തിൽ അഡ്മിഷൻ നടപടികൾ പൂർത്തീകരിച്ചശേഷവും ഇതുപോലെ ധാരാളം സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്ന സാഹചര്യമാണുണ്ടായിരുന്നത്. മലപ്പുറം ജില്ലയിൽ ഈ വർഷം എസ്.എസ്.എൽ.സി. പാസ്സായ 79748 വിദ്യാർത്ഥികളിൽ എല്ലാ വിഷയങ്ങളിലും എ പ്ലസ് ലഭിച്ചത് 12525 വിദ്യാർത്ഥികൾക്കാണ്. സാധാരണ രീതിയിൽ ഇത്തരം വിദ്യാർത്ഥികൾ സയൻസ് കോമ്പിനേഷനിൽ പ്രവേശനം നേടാനാണ് ആഗ്രഹിക്കുന്നത്. മലപ്പുറം ജില്ലയിൽ സയൻസ് കോമ്പിനേഷനിൽ സർക്കാർ സ്കൂളുകളിൽ 12480-ഉം എയ്ഡഡ് സ്കൂളുകളിൽ 11530-ഉം സീറ്റുകളുണ്ട്. ഇത്തരത്തിൽ പൊതുവിദ്യാലയങ്ങളിൽ സയൻസ് കോമ്പിനേഷനിൽ മാത്രം 24010 സീറ്റുകൾ ലഭ്യമാണ്. അൺ എയ്ഡഡ് സ്കൂളുകളിലെ സയൻസ് ബാച്ചുകളിലെ 4636 സീറ്റുകൾകൂടി കണക്കാക്കിയാൽ ആകെ 28646 സയൻസ് ബാച്ച് സീറ്റുകൾ മലപ്പുറം ജില്ലയിൽ ലഭ്യമാണ്. ഫുൾ എ പ്ലസ് നേടിയ എല്ലാ വിദ്യാർത്ഥികളും സയൻസ് വിഷയം തെരഞ്ഞെടുത്താൽപ്പോലും സയൻസ് ബാച്ചിന്റെ 16121 സീറ്റുകൾ ഒഴിഞ്ഞുകിടക്കുമെന്ന കാര്യം ഞാനിവിടെ സൂചിപ്പിക്കുകയാണ്.

മി. സ്പീക്കർ: യെസ്..... യെസ്..... പ്ലീസ്..... മിനിസ്റ്റർ..... സമയം എക്സീഡ് ചെയ്തിരിക്കുന്നു.

ശ്രീ. വി. ശിവൻകുട്ടി: സർ, മലബാർ മേഖലയിലാണ് ഏറ്റവും കൂടുതൽ താത്കാലിക ബാച്ചുകൾ അനുവദിച്ചിട്ടുള്ളത്. താത്കാലിക ബാച്ചുകളിൽ ഇവിടെ സൂചിപ്പിച്ച തരത്തിലുള്ള അസൗകര്യങ്ങളുണ്ട്. ഓരോ ബാച്ചിലും 55-70 വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകുന്നതിന്റെ പ്രശ്നങ്ങളുണ്ട്. മലപ്പുറം ജില്ലയിൽ കഴിഞ്ഞ വർഷം ഷിഫ്റ്റ് ചെയ്ത 14 ബാച്ചുകളും 84 താത്കാലിക അഡീഷണൽ ബാച്ചുകളും ഉൾപ്പെടെ അധികമായി 98 ബാച്ചുകൾ ഈ വർഷം പ്രവേശനത്തിനായി ഉൾപ്പെടുത്തിയിട്ടുണ്ട്.

പാലക്കാട് ജില്ലയിൽ 18-ഉം കോഴിക്കോട് ജില്ലയിൽ 30-ഉം വയനാട് ജില്ലയിൽ 8-ഉം കണ്ണൂർ ജില്ലയിൽ 19-ഉം കാസർഗോഡ് ജില്ലയിൽ 14-ഉം വീതം താത്കാലിക അഡീഷണൽ ബാച്ചുകൾ അനുവദിച്ചിട്ടുണ്ട്. പ്ലസ് വൺ പ്രവേശനവുമായി ബന്ധപ്പെട്ട് ഇത്രയും കാര്യങ്ങളാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. പലപ്രാവശ്യം ചർച്ച ചെയ്ത് ആധികാരികമായി തയ്യാറാക്കിയ കണക്കുകളാണിത്. ഇതിൽ യാതൊരു തെറ്റും വരാൻ

സാധ്യതയില്ല. മറ്റെന്തെങ്കിലും കുറവുകളുണ്ടെങ്കിൽ ചൂണ്ടിക്കാണിക്കാവുന്നതാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതുപോലെ, അത്തരത്തിൽ ചൂണ്ടിക്കാണിക്കപ്പെടുന്നതിൽ വസ്തുതകളുണ്ടെങ്കിൽ അവ പരിഹരിച്ച് മുന്നോട്ടുപോകുന്നതിൽ ഒരു തെറ്റുമില്ല. മലപ്പുറത്തും മലബാറിലുമുള്ള കുട്ടികൾ കേരളത്തിന്റെ മക്കളാണെന്നുള്ള സമീപനം തന്നെയാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിനുള്ളത് എന്ന കാര്യം സൂചിപ്പിക്കുന്നു. ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട കാര്യമുണ്ടെന്ന് തോന്നുന്നില്ല. ഈ വിഷയത്തിൽ പ്രതിപക്ഷാംഗങ്ങൾ വാക്കൗട്ട് പോലും ഉപേക്ഷിക്കുന്നതായിരിക്കും നല്ലത്. അത്തരത്തിൽ സഹകരിക്കണമെന്നാണ് സൂചിപ്പിക്കാനുള്ളത്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, മലബാർ ജില്ലകളിലെ പ്ലസ്‌വൺ സീറ്റുകളുടെ രൂക്ഷമായ ക്ഷാമം പരിഹരിക്കണമെന്നാവശ്യപ്പെടുന്നതാണ് എന്റെ അടിയന്തരപ്രമേയം. ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞ മറുപടികൾ വസ്തുതയ്ക്ക് നിരക്കുന്നതല്ല. അദ്ദേഹത്തിന് മറുപടി തയ്യാറാക്കിക്കൊടുക്കുന്ന ഉദ്യോഗസ്ഥർ അതിന്റെ ഗൗരവം മനസ്സിലാക്കിയിട്ടുണ്ടാകില്ല. അദ്ദേഹം ഈ

കണക്കുകൾ അവതരിപ്പിച്ചത് ബഹുമാനപ്പെട്ട കേരള നിയമസഭയിലാണ്. ഇവിടെ വസ്തുതാവിരുദ്ധമായ കണക്കുകൾ ഔദ്യോഗികമായി അവതരിപ്പിക്കുക എന്നുപറഞ്ഞാൽ അത് അവകാശലംഘനത്തോളം വരുന്ന കാര്യമാണ്.... (ബഹളം)....

മി. സ്പീക്കർ: പ്ലീസ് അദ്ദേഹം സംസാരിക്കട്ടെ.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് കേരളം മുഴുവനും കണ്ടതാണ്. ഇന്ന് എന്നെ ഒരു കുട്ടിയുടെ രക്ഷകർത്താവ് വിളിച്ചിരുന്നു, സ്വന്തം വീടിനടുത്തുള്ള സ്കൂളിൽ പഠിച്ച, മുഴുവനും എ പ്ലസ് കിട്ടിയ കുട്ടി..... (ബഹളം).... ഞാൻ പറയട്ടെ, ബഹളം വയ്ക്കരുത്. ആ കുട്ടിക്ക്.....(ബഹളം).... ഈ സമീപനത്തിനുള്ള തിരിച്ചടിതന്നെയാണ്, പൊട്ടി പാളീസായില്ലേ... (ബഹളം).... ഇതാണ് ഈ ജാതി അസഹിഷ്ണുതയ്ക്ക് കിട്ടുന്നത്. പൊട്ടി പാളീസായി തകർന്ന് തരിപ്പണമായി പോയത് ഇതുകൊണ്ടാണ്. ഇവിടെ ജനങ്ങളുടെ പ്രശ്നങ്ങൾ പറയാനാണ് ഞങ്ങൾ വരുന്നത്. അപ്പോൾ അത് പറയാൻ പറ്റില്ല എന്നുപറഞ്ഞ് ബഹളം വയ്ക്കുന്നത് ശരിയായ രീതിയാണോ? ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ കണക്കുകളൊന്നും ശരിയല്ല. ഇവിടെ

പതിനായിരക്കണക്കിന് കുട്ടികൾ സീറ്റ് കിട്ടാതെ പുറത്തുണ്ട്. ഞാൻ പറഞ്ഞുവന്നത്, മുഴുവനും എ പ്ലസ് ലഭിച്ച കുട്ടികൾ അവർ പഠിച്ച അവരുടെ നാട്ടിലുള്ള സ്കൂളിൽ..., ഇതൊക്കെ പറയുമ്പോൾ ബഹളം വയ്ക്കുന്നവർക്ക് മനസ്സിലാകണ്ടേ? പഠിച്ച സ്കൂളിന് ഒരു ഗ്രേസ് മാർക്കുണ്ട്, പഞ്ചായത്തിന് ഒരു ഗ്രേസ് മാർക്കുണ്ട്, ഇതൊക്കെ കൂട്ടിയിട്ടും മുഴുവൻ എ പ്ലസ് ഉള്ള കുട്ടികൾക്ക് ഇത്തവണത്തെ ഫസ്റ്റ് അലോട്ട്മെന്റിൽ സീറ്റ് കിട്ടിയിട്ടില്ല. ഇത് പറയുമ്പോൾ അപ്പുറത്തുനിന്ന് XXXXXX* എന്ത് അർത്ഥമാണുള്ളത്? ....(ബഹളം).... ഇത് വിദ്യാർത്ഥികളുടെ പ്രശ്നമാണ്. ....(ബഹളം)....

മി. സ്പീക്കർ: പ്ലീസ് പ്ലീസ്. ശ്രീ. എൻ. ഷംസുദ്ദീൻ, അങ്ങ് ഉപയോഗിച്ച വാക്ക് അൺപാർലമെന്ററി ആണ്. അത്തരം വാക്കുകൾ രേഖയിലുണ്ടാകില്ല.... (ബഹളം).... അങ്ങയെപ്പോലെ ഒരു പരിണതപ്രജ്ഞൻ ഉപയോഗിക്കേണ്ട വാക്കായിരുന്നില്ല അത്....(ബഹളം).... അത് പിൻവലിക്കണം.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ ഉദ്ദേശിച്ചത് അപ്പുറത്തുനിന്നും ബഹളം വയ്ക്കുന്നത് ശരിയല്ല എന്നാണ്.

---

* ബഹുമാനപ്പെട്ട അംഗം പ്രസ്തുത പരാമർശം പിൻവലിച്ചു.

മി. സ്പീക്കർ: ശ്രീ. എൻ. ഷംസുദ്ദീൻ, അങ്ങ് ആ പദാവലി പിൻവലിച്ചാൽ മതി, പ്രശ്നം തീരും.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, XXXXXX എന്ന പ്രയോഗം ആരെയെങ്കിലും വേദനിപ്പിച്ചെങ്കിൽ ഞാൻ പിൻവലിക്കുന്നു. ..(ബഹളം)...

മി. സ്പീക്കർ: ശ്രീ. എൻ. ഷംസുദ്ദീൻ സംസാരിക്കട്ടെ, പ്ലീസ്. അദ്ദേഹം ആ വാക്ക് പിൻവലിച്ചു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, പാലക്കാട്, മലപ്പുറം, കോഴിക്കോട് ജില്ലകളിൽ പ്ലസ് വൺ സീറ്റുകളുടെ രൂക്ഷമായ കുറവുണ്ട്. അതിൽ ഏറ്റവും കൂടുതൽ കുറവുള്ളത് മലപ്പുറം ജില്ലയിലാണ്. പാലക്കാട്, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ്, വയനാട് എന്നീ ജില്ലകളാണ് തുടർന്നുള്ളത്. ഇതൊരു വസ്തുതയാണ്. ബഹുമാനപ്പെട്ട മന്ത്രിക്ക് മറുപടി എഴുതി നൽകിയ ഉദ്യോഗസ്ഥർ അദ്ദേഹത്തെ തെറ്റിദ്ധരിപ്പിച്ചിരിക്കുകയാണ്. ഈ രാജ്യത്തെ മുഴുവൻ പത്ര-ദൃശ്യ മാധ്യമങ്ങൾ അതിന്റെ കണക്ക് പുറത്തുവിട്ടുകൊണ്ടിരിക്കുകയാണ്. പിന്നെ എങ്ങനെയാണ് ബഹുമാനപ്പെട്ട മന്ത്രി സീറ്റ് ക്ഷാമം ഇല്ലെന്ന് പറയുന്നത്? ഇവിടെ 425863 കുട്ടികൾ എസ്.എസ്.എൽ.സി. പാസ്സായതിൽ 231000

കുട്ടികൾ മലബാറിലെ ആറ് ജില്ലകളിൽ നിന്നുമാണ്. അവിടെ അരലക്ഷത്തോളം കുട്ടികൾക്കാണ് ഇപ്പോൾ പഠിക്കാൻ സീറ്റില്ലാത്തത്. ഇത് ക്രൂരമായ വിവേചനമാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ ഞാൻ ഓർമ്മപ്പെടുത്തുകയാണ്, അങ്ങനെ ഈ സീറ്റുകളുടെ കുറവില്ലായിരുന്നെങ്കിൽ 2021-ലെ എൽ.ഡി.എഫ്.ന്റെ പ്രകടനപത്രികയിൽ ' മലബാറിലെ പ്ലസ് വൺ സീറ്റ് ക്ഷാമം ഞങ്ങൾ അധികാരത്തിൽ വന്നാൽ പരിഹരിക്കും' എന്ന് പറയേണ്ട കാര്യമില്ലല്ലോ. 2021-ന് ശേഷം മൂന്ന് കൊല്ലം പിന്നിടുന്നു, ഗവൺമെന്റ് അത് പരിശോധിച്ചോ? കഴിഞ്ഞ കാലങ്ങളിൽ പറയുന്നതുപോലെ സീറ്റിന്റെ കുറവില്ലെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. ഗവൺമെന്റ് നിയമിച്ച കാർത്തികേയൻ കമ്മിറ്റി റിപ്പോർട്ട് എവിടെ? ആ റിപ്പോർട്ട് നിയമസഭയിൽ വയ്ക്കണം. മലബാറിൽ പ്ലസ് വൺ സീറ്റുകളുടെ കുറവുണ്ടോയെന്ന് 2023-ൽ പരിശോധിച്ച കാർത്തികേയൻ കമ്മിറ്റി പാലക്കാട്, കണ്ണൂർ, കാസർഗോഡ്, വയനാട് ഉൾപ്പെടെ ആറ് ജില്ലകളിൽ കുറവുണ്ടെന്നാണ് കണ്ടെത്തിയത്. 150 അഡീഷണൽ ബാച്ച്, ഞങ്ങൾ അതിനോട് പൂർണ്ണമായും യോജിക്കുന്നില്ല, എങ്കിൽപ്പോലും 150 അഡീഷണൽ ബാച്ചുകൾ അനുവദിക്കണമെന്നാണ്

കാർത്തികേയൻ കമ്മിറ്റി പറഞ്ഞത്. അനുവദിച്ചോ? സർക്കാർ റിപ്പോർട്ട് പൂഴ്ത്തിവച്ചില്ലേ? സംസ്ഥാനത്തിനകത്തുള്ള അന്തരം പറഞ്ഞ് തെക്കും വടക്കും തമ്മിൽ പ്രശ്നമുണ്ടാക്കുന്നത് ഞങ്ങളുടെ ലക്ഷ്യമല്ലാത്തതുകൊണ്ട് ഞാനത് പർവ്വതീകരിച്ച് പറയുന്നില്ല. ബഹുമാനപ്പെട്ട മന്ത്രി ഒരു കാര്യം കൂടി പറഞ്ഞു, തെക്കൻ ജില്ലകളിൽ പത്തും ഇരുപതും കുട്ടികൾ പഠിക്കുന്ന പ്ലസ് 2 ബാച്ചുകളുണ്ടെന്ന്. അത് റീ അറേഞ്ച് ചെയ്ത് വടക്കോട്ട് കൊടുക്കണം. അത് ഞങ്ങൾ പറഞ്ഞിട്ട് തെക്കുംവടക്കും തമ്മിലൊരു പ്രശ്നമുണ്ടാകണ്ട. സീറ്റ് അവിടെ നിൽക്കട്ടെ. പക്ഷെ ഇത് പരിഹരിക്കണ്ടേ? അതിനുള്ള മാന്യത ഞങ്ങൾ കാണിക്കുകയാണ്. സത്യത്തിൽ എന്താണ് വേണ്ടത്. പത്ത് കുട്ടികളുടെ ബാച്ച് എടുത്തിട്ട് മലബാറിലേയ്ക്ക് കൊടുക്കണമെന്ന് പറയാം. പക്ഷെ അങ്ങനെയൊരു വാദമുണ്ടാക്കി പ്രശ്നത്തിലേയ്ക്ക് പോകണ്ട എന്നുള്ളതുകൊണ്ടാണ് ഞങ്ങൾ അത് പറയാത്തത്. എന്നാലും മലബാറിന്റെ സീറ്റ് ക്ഷാമം പരിഹരിക്കണ്ടേ? വിദ്യാഭ്യാസം എന്നത് ഇന്ന് അവകാശമാണ്. സ്കൂൾ വിദ്യാഭ്യാസം എന്നുപറഞ്ഞാൽ ഇന്ന് -2 മുതൽ +2 വരെയാണ്. അതുവരെയുള്ള വിദ്യാഭ്യാസം നൽകേണ്ടത് സർക്കാരിന്റെ ഉത്തരവാദിത്വമാണ്.

ഇവിടെ പത്താം ക്ലാസ്സ് കഴിഞ്ഞ് പ്ലസ് ടു-ലേയ്ക്കുള്ള കുട്ടിയുടെ പഠനം മുടക്കുക എന്നത് വിദ്യാഭ്യാസ അവകാശത്തിന്റെ ലംഘനമാണ്. ഈ ജാതി കണക്കുകൾ പറഞ്ഞ് അത് മുടക്കുന്നതിനെ ന്യായീകരിച്ചാൽ അത് ഒരു കാരണവശാലും അംഗീകരിക്കാൻ കഴിയില്ല. മലബാറിൽ അരലക്ഷത്തോളം വിദ്യാർത്ഥികൾ ഇന്ന് പ്രയാസത്തിലാണ്. കഴിഞ്ഞ ദിവസം ചില ചാനലുകളിൽ കുറച്ച് കുട്ടികളെ കാണിച്ചു, മുഴുവനും എ പ്ലസ് ലഭിച്ചിട്ടും സ്വന്തം നാട്ടിലെ സ്വന്തം പഞ്ചായത്തിലെ പഠിച്ച സ്കൂളിൽ ഫസ്റ്റ് അലോട്ട്മെന്റിൽ വന്നിട്ടില്ല, സെക്കൻഡ് അലോട്ട്മെന്റിലും വരുമെന്ന് തോന്നുന്നില്ല എന്നാണ് അവർ പറയുന്നത്. അപ്പോൾ ഇവിടെ വളരെ വലിയ പ്രതിസന്ധിയുണ്ട്. ഈ പ്രതിസന്ധികളുടെ തുടക്കം എവിടെയാണെന്ന് അറിയാമോ? 1998-ലാണ് കേരളം പൂർണ്ണമായും പ്ലസ് ടു-ലേയ്ക്ക് മാറിയത്. അന്ന് ബാച്ചുകൾ അനുവദിച്ചപ്പോൾ തെക്കൻ ജില്ലകളിൽ അനുവദിച്ചതിന്റെ പകുതിയാണ് തൃശ്ശൂർ നിന്ന് വടക്കോട്ട് കൊടുത്തത്. പിന്നീട് വന്ന എൽ.ഡി.എഫ്. സർക്കാരുകൾ അതിൽ കാര്യമായി ഒന്നും ചെയ്തില്ല. യു.ഡി.എഫ്. സർക്കാരുകൾ ആ അന്തരം പരിഹരിക്കാനുള്ള ശ്രമം നടത്തിയതിന്റെ ഭാഗമായി കഴിഞ്ഞ ഉമ്മൻചാണ്ടി

സർക്കാരിന്റെ കാലത്ത് 1400 ബാച്ചുകൾ അനുവദിച്ചു, അതുവഴി ഒരു ലക്ഷത്തോളം കുട്ടികൾക്ക് പുതുതായി അവസരം കിട്ടി. ഞങ്ങൾ ഒന്നും ചെയ്യാതെയല്ല ഇങ്ങനെ പറയുന്നത്, ചെയ്തിട്ടാണ് പറയുന്നത്. ഭരണപക്ഷം ഇക്കഴിഞ്ഞ എട്ട് കൊല്ലമായി ഒരൊറ്റ ബാച്ചുപോലും കൊടുത്തില്ല. അതിന് പറയുന്ന കാരണം സാമ്പത്തിക പ്രതിസന്ധിയാണ്. പക്ഷെ അതുകൊണ്ട് വിദ്യാഭ്യാസം മുടക്കാൻ സാധിക്കുമോ? ഹയർ സെക്കണ്ടറി എന്നുപറയുന്നത് ഉന്നതവിദ്യാഭ്യാസത്തിനും സെക്കണ്ടറി വിദ്യാഭ്യാസത്തിനുമിടയിലുള്ള പാലമാണ്. ആ പാലം കടക്കാൻ അര ലക്ഷത്തോളം കുട്ടികളെ ഓരോ കൊല്ലവും സർക്കാർ അനുവദിക്കാതിരിക്കുകയാണ്. അത് ഏറ്റവും വലിയ ക്രൂരതയും അവകാശനിഷേധവുമാണ്. ഇത് എങ്ങനെ ന്യായീകരിക്കാൻ സാധിക്കും? എട്ട് കൊല്ലത്തിനിടയിൽ സർക്കാർ 1000 ബാറുകൾ കൊടുത്തില്ലേ, ഞങ്ങൾ ഭരണം വിട്ടിറങ്ങുമ്പോൾ 27 ബാറുകളാണ് കേരളത്തിലുണ്ടായിരുന്നത്. എട്ട് കൊല്ലം കൊണ്ട് 1000 ബാറുകൾ കൊടുത്ത സർക്കാർ എട്ട് കൊല്ലത്തിനിടയിൽ കുട്ടികൾക്ക് പഠിക്കാൻ യാതൊന്നും ചെയ്തിട്ടില്ല. സർക്കാർ പറയുന്നത് marginal increase ഉണ്ടെന്നാണ്. എന്താണത്? 50 കുട്ടികൾ

പഠിക്കേണ്ട ക്ലാസ്സിൽ 65 കുട്ടികളെ പഠിപ്പിക്കുകയാണ്. അധ്യാപകർ മൈക്കെടുത്ത് സംസാരിക്കേണ്ടി വരും. അധ്യാപക - വിദ്യാർത്ഥി അനുപാതം 1:40 ആയിരിക്കണമെന്ന് വിദ്യാഭ്യാസ അവകാശ നിയമത്തിൽ കൃത്യമായി പരാമർശിക്കുന്നുണ്ട്. 40 കുട്ടികൾക്ക് ഒരു അധ്യാപകൻ, അതാണ് ന്യായം. ഇവിടെ എന്റെ സ്നേഹിതൻ ശ്രീ. എ. കെ. എം. അഷ്റഫ് പറഞ്ഞു, കാസർഗോഡ് ചില സ്പെഷ്യൽ ഓർഡർ ഒക്കെ കിട്ടുമ്പോൾ ഒരു സ്കൂളിൽ 75 കുട്ടികളാണെന്ന്. 75 കുട്ടികളെ എങ്ങനെയാണ് ഒരു അധ്യാപകൻ പഠിപ്പിക്കുക. അതൊക്കെ ഏറെ പ്രതിഷേധാർഹമാണ്. ദുർവ്യയം നടത്തുന്ന ഒരു സർക്കാരിന് ഇതിനുമാത്രം പണമില്ല. ഇവിടെ ബഹുമാനപ്പെട്ട മന്ത്രി വലിയൊരു കണക്ക് പറഞ്ഞു, കഴിഞ്ഞ തവണ അഡീഷണൽ ബാച്ച് കൊടുത്തതിന് 20 കോടി രൂപ ചെലവായെന്ന്. കേരളീയം നടത്തിയപ്പോൾ ചെലവായത് 27 കോടി രൂപയാണ്. എന്ത് കാര്യമാണുണ്ടായത്? ഈ കുട്ടികൾക്ക് പഠിക്കാൻ അവസരമൊരുക്കിയതിന് 20 കോടി രൂപ കൊടുത്തതാണ് സർക്കാർ വലിയ നഷ്ടമായി പറയുന്നത്. അതുപോലെ സർക്കാരിന്റെ ധൂർത്തുകളുടെ കണക്കുകൾ ഒരുപാട് ഇവിടെ പറയാനുണ്ട്, ഞാൻ

അതിന്റെയൊന്നും വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. അതിനുള്ള തക്കതായ മറുപടി കേരളത്തിലെ ജനങ്ങൾ സർക്കാരിന് നൽകിയിട്ടുണ്ട്. സർക്കാർ നടത്തിയ ജനസമ്പർക്ക പരിപാടി, നവകേരള സദസ്സ്, കേരളീയം, ഒന്നര കോടി രൂപയുടെ ബസ്സ്, കെ. വി. തോമസ്സിന്റെ നിയമനം, കോടികളുടെ പരസ്യം അങ്ങനെ തുടങ്ങി എങ്ങനെയൊക്കെ ഖജനാവിലെ പണം ധൂർത്തടിക്കാൻ സാധിക്കുമോ അതൊക്കെ ചെയ്ത ആളുകൾ കുട്ടികളുടെ പഠനത്തിന്റെ കാര്യം പറയുമ്പോൾ ഈ ജാതി കള്ളക്കണക്കുകൾ കൊണ്ടുവന്ന് പ്രതിപക്ഷത്തെ നേരിടാൻ ശ്രമിച്ചാൽ അത് നടക്കില്ല. ഇവിടെ സീറ്റ് ക്ഷാമത്തിന്റെ ശരിയായ കണക്ക് ഞാൻ അവതരിപ്പിക്കാം. സർക്കാരിന്റെ വെബ്സൈറ്റിൽനിന്നും എടുത്തതാണ്. ഇവിടെ ബഹുമാനപ്പെട്ട മന്ത്രി പ്രസംഗിച്ചതിൽ പലതും സർക്കാരിന്റെ വെബ്സൈറ്റിലെ കണക്കുകൾക്ക് വിരുദ്ധമാണ്. അതുകൂടി ഞാൻ ബഹുമാനപ്പെട്ട മന്ത്രിയെ ഓർമ്മപ്പെടുത്തുകയാണ്. പാലക്കാട് 39661 കുട്ടികൾ പരീക്ഷ എഴുതിയതിൽ 39539 പേരും പാസ്സായി. ഇപ്പോൾ എല്ലാവരും പാസ്സാകുന്ന കാലമാണ്, ബഹുമാനപ്പെട്ട മന്ത്രിതന്നെ പറഞ്ഞു വിജയശതമാനം 99.69

ശതമാനമാണെന്ന്, കാൽ ശതമാനത്തിന്റെ കുറവേയുള്ളൂ, സേ പരീക്ഷ കഴിഞ്ഞാൽ ആ കു ട്ടികളും ജയിക്കും. അവിടെ marginal increase ഇല്ലെങ്കിൽ **13664** സീറ്റുകളുടെ കുറവുണ്ട്. സർക്കാർ പറയുന്ന marginal increase 30 ശതമാനം കൊടുത്താലും **60074** സീറ്റുകളുടെ കുറവുണ്ട്. കൂടുതൽ കുട്ടികളുള്ള മലപ്പുറം ജില്ലയിലാണ് ഏറ്റവും രൂക്ഷമായ പ്രശ്നമുള്ളത്. അവിടെ ആകെയുള്ളത് 57325 സീറ്റുകളാണ്. സർക്കാർ പറയുന്നത് അൺ എയ്ഡഡിന്റെ കണക്കുകയാണ്. അവിടെ യഥാർത്ഥത്തിൽ 22405 സീറ്റുകളുടെ കുറവുണ്ട്. കോഴിക്കോട് 3151, വയനാട് 368, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ജില്ലയായ കണ്ണൂരിൽ 3000 എന്നിങ്ങനെയാണ് സീറ്റുകളുടെ കുറവ്. ഇതുമായി ബന്ധപ്പെട്ട ഞങ്ങളുടെ പാർട്ടിയുടെ പ്രക്ഷോഭത്തിന് ഞാനവിടെ പോയിരുന്നു. കാസർഗോഡ് 3000 സീറ്റുകളുടെ കുറവുണ്ട്. സി.ബി.എസ്.സി., ഐ.സി.എസ്.സി. കൂടി കൂട്ടിയാൽ അര ലക്ഷം സീറ്റുകളുടെ കുറവുണ്ട്. അത് പരിഹരിക്കണ്ടേ?

<u>മി. സ്പീക്കർ</u>: പ്ലീസ് കൺക്ലൂഡ്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ എന്റെ പ്രസംഗത്തിന്റെ തുടക്കത്തിൽ ഒരു രാഷ്ട്രീയവും പറഞ്ഞിട്ടില്ല. പക്ഷെ അങ്ങനെയൊന്നും പറയാൻ പറ്റില്ല എന്ന് അപ്പുറത്തുനിന്നും പറഞ്ഞപ്പോഴാണ് എന്നിൽനിന്നും അങ്ങനെയൊരു പ്രതികരണം വന്നുപോയത്. താൽക്കാലിക ബാച്ചുകൾ കൊടുക്കലും marginal increase-ഉം അല്ല ഇവിടെ പരിഹാരം. കൃത്യമായ ബാച്ചുകൾ കൊടുക്കണം. അതിനെക്കുറിച്ച് പഠിച്ച കാർത്തികേയൻ കമ്മിറ്റിയുടെ റിപ്പോർട്ടുതന്നെ കയ്യിലുണ്ടല്ലോ. ഞാൻ ഒരു ഉദാഹരണംകൂടി പറയാം, മുഴുവനും എ പ്ലസ് നേടിയ മലബാർ മേഖലയിലെ ഒരു കുട്ടിക്ക് അവൻ ആഗ്രഹിക്കുന്ന സയൻസ് ബാച്ച് കിട്ടുന്നില്ല, എന്നാൽ പത്തനംതിട്ട ജില്ലയിൽ കേവലം പാസ്സായ കുട്ടിക്ക് സയൻസ് ബാച്ച് കിട്ടുന്നു. പത്തനംതിട്ട ജില്ലയിൽ 14000 പ്ലസ് ടു സീറ്റുണ്ട്. ഇത്തവണ പാസ്സായത് 10000 കുട്ടികളാണ്. മുഴുവനും എ പ്ലസ് കിട്ടിയ മലബാർ മേഖലയിലെ ഒരു കുട്ടിക്ക് സ്വന്തം വീട്ടിനടുത്തുള്ള പഠിച്ച സ്കൂളിൽ അഡ്മിഷൻ കിട്ടുന്നില്ല. ആ സ്ഥാനത്ത് ഒരു എ പ്ലസ് പോലുമില്ലാത്ത കുട്ടിക്ക് വേണമെങ്കിൽ പത്തനംതിട്ടയിൽ സയൻസ് ബാച്ച് കിട്ടും. മലബാറിലുള്ള ഒരു കുട്ടിയുടെ Intelligence quotient എത്ര കൂടിനിന്നിട്ടും കാര്യമില്ല, അവന്റെ ഉപരിപഠന

സാധ്യത സർക്കാർ നിഷേധിക്കുകയാണ്. ഇതിനെ ആ അർത്ഥത്തിൽ കാണണം. മനുഷ്യത്വപരമായി, വിദ്യാർത്ഥികളുടെ അവകാശവുമായി ബന്ധപ്പെടുത്തി ഇതിനെ കാണാൻ സർക്കാരിന് സാധിക്കണം. ഇത് പറയുമ്പോൾ അപ്പുറത്തുനിന്നും ബഹളമുണ്ടാക്കുക എന്നത് ജനാധിപത്യ രീതിയല്ല. ഈ പ്രശ്നത്തിനാണ് ഞങ്ങളിവിടെ പരിഹാരം ആവശ്യപ്പെടുന്നത്. ഒരു കുട്ടിപോലും പരാതിപ്പെട്ടിട്ടില്ലെന്നാണ് സർക്കാർ കോടതിയിൽ പറഞ്ഞത്. അത് എന്തൊരു ന്യായമാണ്; ആയിരക്കണക്കിന് രക്ഷകർത്താക്കൾ പരാതിപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഇത് നമ്മുടെ സംസ്ഥാനത്തിന്റെ പ്രശ്നമാണ്, ഇതിനൊരു പരിഹാരമുണ്ടാകണം. എന്താണ് ആ പരിഹാരം; താലൂക്കുതല പുന:സംവിധാനമുണ്ടാകണം. അവിടെ മലപ്പുറമെന്നോ മലബാറെന്നോ ഉള്ള വിവേചനം പാടില്ല. താലൂക്കുതലത്തിൽ എത്ര കുട്ടികൾ പ്ലസ് ടു പാസ്സാകുന്നുണ്ടോ അത്രയും കുട്ടികൾക്കുള്ള സീറ്റ് ആ താലൂക്കിൽത്തന്നെ വേണം. എം.എൽ.എ.-മാർക്ക് അങ്ങനെയൊരു അഭിപ്രായമില്ലേ? പാലക്കാട് അട്ടപ്പാടിയിലുള്ളൊരു കുട്ടിക്ക് കൊഴിഞ്ഞാമ്പാറ സ്കൂളിൽ സീറ്റ് ലഭിച്ചാൽ ആ കുട്ടി 150 കി.മീറ്ററോളം യാത്ര ചെയ്യേണ്ടിവരും. നിലമ്പൂർ താമസിക്കുന്നൊരു

കുട്ടിക്ക് പൊന്നാനിയിലെ സ്കൂളിൽ സീറ്റ് ലഭിച്ചാൽ ഇതുപോലെ യാത്ര ചെയ്യേണ്ട സാഹചര്യമുണ്ടാകുന്നു. അപ്പോൾ അതല്ല വേണ്ടത്. പ്ലസ് ടു വരെയുള്ള വിദ്യാഭ്യാസം എന്നത് ഒരു കുട്ടിയുടെ അവകാശവും അത് കൊടുക്കേണ്ടത് സർക്കാരിന്റെ ഉത്തരവാദിത്വവുമാണ്. താലൂക്കതലത്തിൽ എത്ര കുട്ടികൾ പാസ്സാകുന്നുണ്ടോ അത്രയും കുട്ടികൾക്കുള്ള സീറ്റ് താലൂക്കിലുണ്ടാകണമെന്നതാണ് ഞങ്ങൾക്ക് മുന്നോട്ടുവയ്ക്കാനുള്ള നിർദ്ദേശം.

വസ്തുതകൾ ഇതൊക്കെയാണെങ്കിലും ഒരു കാര്യംകൂടി ഞാൻ പറയുകയാണ്, ഈ ജനവിധിയിൽ ഇതൊക്കെയുണ്ട്. ഇപ്പോൾ കേരളത്തിലുണ്ടായ ജനവിധി മനസ്സിലാക്കി ഇനിയെങ്കിലും പഠിക്കാറായില്ലേ നിങ്ങൾ? മാർക്സിസ്റ്റ് പാർട്ടിയുടെ പാർട്ടി ഗ്രാമങ്ങളല്ലേ അടപടലം തകർന്നുവീണത്. ബി.ജെ.പി.-യാണ് പകരം വരുന്നത്, നിങ്ങൾ നോക്കിക്കോളൂ; ഇതൊന്നും ഞങ്ങൾക്ക് അത്ര വലിയ സന്ദേഹമുള്ള കാര്യമല്ല. മാർക്സിസ്റ്റ് തകരുന്നിടത്ത് നിന്ന് ബി.ജെ.പി.-യാണ് കടന്നുവരുന്നത്. ഇന്ത്യ ബി.ജെ.പി.-യെ നിഷേധിച്ചപ്പോൾ കേരളത്തിൽ ബി.ജെ.പി.-ക്ക് പ്രതീക്ഷകൾ നൽകുന്നുവെന്നത് മാർക്സിസ്റ്റ് പാർട്ടിയുടെ പോരായ്മയാണ്. അത് നിങ്ങളുടെ

രാഷ്ട്രീയവൈകല്യമാണ്. അതിൽ ഞങ്ങൾക്ക് പ്രതിഷേധമുണ്ട്. ജനങ്ങളുടെ ഭരണവിരുദ്ധ വികാരമാണ് ഈ വിധിയെഴുത്തെന്നുള്ള കാര്യത്തിൽ തർക്കമില്ല. പാവപ്പെട്ട കുട്ടികൾക്ക് പഠിക്കാൻ അവസരം നിഷേധിക്കുന്ന സർക്കാരിന്റെ നിഷേധാത്മകമായ നയങ്ങൾക്കെതിരായ വിധിയെഴുത്തുകൂടിയാണ് അതിലുണ്ടായിട്ടുള്ളത്. ഇനിയും കണ്ണ് തുറന്നില്ലെങ്കിൽ കണ്ണ് തുറക്കുമ്പോൾ ബാക്കിയൊന്നും നിങ്ങൾക്കുണ്ടാവില്ലെന്നുകൂടി ഓർമ്മപ്പെടുത്തിക്കൊണ്ട് ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് എന്റെ അടിയന്തരപ്രമേയം ഇവിടെ അവതരിപ്പിക്കുകയാണ്.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, യഥാർത്ഥത്തിൽ പ്ലസ് വൺ അഡ്മിഷനെ സംബന്ധിച്ചുള്ള ചർച്ചയാണ് ഇവിടെ നടക്കുന്നതെങ്കിലും അതോടൊപ്പം രാഷ്ട്രീയമായ കുറേ കാര്യങ്ങൾ ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അങ്ങ് ഒരു കാര്യം മനസ്സിലാക്കണം; ഞങ്ങൾക്ക് താൽക്കാലികമായൊരു പരാജയമുണ്ടായിട്ടുണ്ട്, അത് മുമ്പുമുണ്ടായിട്ടുണ്ട്. പരാജയമുണ്ടായത് അവസാനത്തെ കാര്യമാണെന്നൊന്നും എൽ.ഡി.എഫ്. കരുതുന്നില്ല, യു.ഡി.എഫും അങ്ങനെ

കരുതുമെന്ന് തോന്നുന്നില്ല. യു.ഡി.എഫ്-നും പരാജയമുണ്ടായിട്ടുണ്ട്. ഏതായാലും ഒരു കാര്യം നിങ്ങൾ മനസ്സിലാക്കണം. ഇന്ത്യാ രാജ്യത്തെ ന്യൂനപക്ഷ വിഭാഗങ്ങൾക്ക് അത്താണിയും സംരക്ഷണവുമായി നിൽക്കുന്ന ഏക പാർട്ടി ഇന്ത്യയിലെ ഇടതുപക്ഷ പ്രസ്ഥാനമാണ്. (...ബഹളം....) നിങ്ങൾ ചിരിക്കണ്ട. അതല്ലേ അതിന്റെ സത്യം. തൃശ്ശൂർ മണ്ഡലത്തിൽ യു.ഡി.എഫ്-ന് ഏതാണ്ട് ഒരു ലക്ഷത്തോളം വോട്ട് കുറഞ്ഞല്ലോ. ഇടതുപക്ഷത്തിന്റെ ഒരു വോട്ടുപോലും കുറഞ്ഞില്ല. യു.ഡി.എഫ്.-ന്റെ വോട്ടുകളാണ് ബി.ജെ.പി.ക്ക് ലഭിച്ചത്. അതൊക്കെ പോട്ടേ; അതിനെപ്പറ്റിയൊന്നും പറയേണ്ട കാര്യമില്ല.

പ്ലസ് വൺ പ്രവേശനവുമായി ബന്ധപ്പെട്ട് ഞാനിവിടെ അവതരിപ്പിച്ച ഓരോ ജില്ലയുടെയും കണക്ക് സഭാ രേഖയിലുള്ളതാണ്. ഈ കണക്കുകൾ സഭാനാഥൻതന്നെ പരിശോധിച്ച് നോക്കട്ടേയെന്ന് ഞാൻ ബഹുമാനപ്പെട്ട അംഗത്തോടും സഭയോടും ആവർത്തിച്ചുപറയുകയാണ്. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയെ മധ്യസ്ഥനാക്കി ഇരുകൂട്ടർക്കും ഒരുമിച്ചിരുന്ന് ഇക്കാര്യങ്ങൾ പരിശോധിച്ചുനോക്കാം. കേരളത്തിലെ പ്ലസ് വൺ അഡ്മിഷന്റെ യഥാർത്ഥ ചിത്രമാണ് ഞാനിവിടെ അവതരിപ്പിച്ചത്. ഓരോ വിദ്യാർത്ഥിയുടെയും വീടിന്

തൊട്ടടുത്തുള്ള സ്കൂളിൽ അവർ ആഗ്രഹിക്കുന്ന വിഷയം പഠിക്കാനുള്ള സീറ്റ് കിട്ടണമെന്ന് പറഞ്ഞാൽ ബഹുമാനപ്പെട്ട അംഗത്തെ വകുപ്പുമന്ത്രിയാക്കിയാലും നടക്കില്ല.

ശ്രീ. എൻ. ഷംസുദ്ദീൻ: (മൈക്ക് ഓഫ്....)

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി, അങ്ങ് സംസാരിക്കു, വഴങ്ങണ്ട. ചെയറിനെ അഡ്രസ് ചെയ്താൽ മതി.

ശ്രീ. വി. ശിവൻകുട്ടി: സർ, ഞാൻ വഴങ്ങുന്നില്ല. 2021, 2022, 2023 അദ്ധ്യയന വർഷങ്ങളിൽ സംസ്ഥാനത്ത് അഡ്മിഷൻ പൂർത്തീകരിച്ചതിനുശേഷവും 1000-5000 സീറ്റുകൾ മലപ്പുറം ജില്ലയിൽ ഒഴിഞ്ഞുകിടക്കുകയായിരുന്നുവെന്ന കാര്യം ഞാൻ ആവർത്തിച്ച് പറയുകയാണ്. വിദ്യാർത്ഥികൾക്ക് ഇഷ്ടമുള്ള വിഷയം പഠിക്കാനുള്ള സീറ്റ് കിട്ടാത്തതുകൊണ്ടോ വീടിനടുത്തുള്ള സ്കൂളിൽ സീറ്റ് ലഭിക്കാത്തതുകോണ്ടോ ആയിരിക്കാം. പക്ഷെ, ഇത്രയധികം സീറ്റുകൾ ഒഴിഞ്ഞുകിടന്നിരുന്നുവെന്ന കാര്യം സൂചിപ്പിക്കേണ്ടതുണ്ട്. എസ്.എസ്.എൽ.സി. പരീക്ഷാഫലം പ്രഖ്യാപിച്ചശേഷം ഒന്നാം അലോട്ട്മെന്റിന്റെ നടപടികൾ ആരംഭിക്കുന്നതിന്

മുമ്പുതന്നെ സമരവും പ്രഖ്യാപിച്ചു. അതെന്ത് ന്യായമാണ്? ഒന്നും രണ്ടും മൂന്നും അലോട്ട്മെന്റുകൾ കഴിയുമ്പോഴല്ലേ വിദ്യാർത്ഥികൾക്ക് അഡ്മിഷൻ കിട്ടുന്നുണ്ടോ ഇല്ലയോയെന്ന വിവരം അറിയാൻ സാധിക്കുകയുള്ളൂ. കഴിഞ്ഞ നാലഞ്ച് വർഷക്കാലമായി പ്ലസ് വൺ അഡ്മിഷൻ സമയത്ത് സമരം സംഘടിപ്പിക്കുകയെന്നത് ഒരു രീതിയായി മാറിയിരിക്കുകയാണ്. ഒന്നാം അലോട്ട്മെന്റിലൂടെ ആകെ 2,19,596 പേർ പ്രവേശനം നേടുകയുണ്ടായി. ഒന്നാം അലോട്ട്മെന്റ് നൽകിയിട്ടും പ്രവേശനം ലഭിക്കാത്ത 25,159 അപേക്ഷകരുണ്ട്. സ്പോർട്സ് ക്വാട്ടയിൽ പ്രവേശനം നേടിയ 4,414 വിദ്യാർത്ഥികളുൾപ്പെടെ ആകെ 2,24,010 പേർ ഹയർ സെക്കണ്ടറി കോഴ്സിന് പ്രവേശനം നേടിയിട്ടുണ്ട്. വോക്കേഷണൽ ഹയർ സെക്കണ്ടറിയിലെ 25,540 ഉൾപ്പെടെ ആകെ 2,49,550 പേർ പ്ലസ് വണ്ണിന് പ്രവേശനം നേടിയിട്ടുണ്ട്. കാസർഗോഡ് മുതൽ തിരുവനന്തപുരം വരെയുള്ള കാര്യമാണ് ഞാനിവിടെ പറയുന്നത്. ജില്ലയ്ക്കകത്തെ അപേക്ഷകൾ പരിഗണിച്ചാൽ ഇനിയും പ്രവേശനത്തിനായി കാത്തിരിക്കുന്ന അപേക്ഷകർ 1,46,952 ആണ്. ഒന്നാം അലോട്ട്മെന്റിനുശേഷം മെറിറ്റ് ക്വാട്ടയിൽ 90,465 സീറ്റുകളും എയ്ഡഡ്

സ്കൂളിലെ കമ്മ്യൂണിറ്റി ക്വാട്ടയിൽ 24,253 സീറ്റുകളും സ്പോർട്സ് ക്വാട്ടയിലെ 3,583 സീറ്റുകളും എയ്ഡഡ് സ്കൂളിലെ മാനേജ്മെന്റ് ക്വാട്ടയിലെ 38,672 സീറ്റുകളും അൺ എയ്ഡഡ് ക്വാട്ടയിൽ 54,942 സീറ്റുകളുമുൾപ്പെടെ 2,11,915 സീറ്റുകൾ അവശേഷിക്കുന്നുണ്ട്. അൺ എയ്ഡഡ് മേഖലയിലെ സീറ്റുകൾ ഒഴിവാക്കിയാൽതന്നെ പൊതുവിദ്യാലയങ്ങളിൽ 1,56,973 സീറ്റുകളിൽ പ്രവേശനം ലഭിക്കാതെയുള്ള 1,46,952 അപേക്ഷകർക്കും പ്രവേശനം ലഭ്യമായിട്ടുണ്ട്.

മലപ്പുറം ജില്ലയുമായി ബന്ധപ്പെട്ട കാര്യംകൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കാം. മലപ്പുറം ജില്ലയിലെ ആകെ അപേക്ഷകർ 82,446 ആണെന്നതിൽ ശ്രീ. എൻ. ഷംസുദ്ദീന് സംശയമുണ്ടാകില്ല. ജില്ലയ്ക്ക് പുറത്തുനിന്നുള്ള അപേക്ഷകർ 7,606; ജില്ലയ്ക്കുള്ളിലെ അപേക്ഷകർ 74,840; ഒന്നാം അലോട്ട്മെന്റിൽ പ്രവേശനം നേടിയവർ 33,170; സ്പോർട്സ് ക്വാട്ടയിൽ പ്രവേശനം നേടിയവർ 874; ഹയർ സെക്കണ്ടറിയിൽ ആകെ പ്രവേശനം നേടിയവർ 34,044; വോക്കേഷണൽ ഹയർ സെക്കണ്ടറിയിൽ പ്രവേശനം നേടിയവർ 2,292; ആകെ പ്ലസ് വണ്ണിന് പ്രവേശനം നേടിയവർ 36,336;

അലോട്ട്മെന്റ് നൽകിയിട്ടും പ്രവേശനം നേടാത്തവർ 3,109; പ്ലസ് വൺ പ്രവേശനത്തിനായി ശേഷിക്കുന്നവരുടെ എണ്ണം 35,395; ഒന്നാം അലോട്ട്മെന്റിനുശേഷം മെരിറ്റ് ക്വാട്ടയിൽ ഒഴിവുള്ള സീറ്റുകളുടെ എണ്ണം 17,037; സ്പോർട്സ് ക്വാട്ടയിൽ ഒഴിവുള്ള സീറ്റുകളുടെ എണ്ണം 366; കമ്മ്യൂണിറ്റി ക്വാട്ടയിൽ ഒഴിവുള്ള സീറ്റുകളുടെ എണ്ണം 3,759; മാനേജ്മെന്റ് ക്വാട്ടയിലുള്ള സീറ്റുകളുടെ എണ്ണം 5,091; അൺ എയ്ഡഡ് ക്വാട്ട സീറ്റുകൾ 11,286; ഒന്നാം അലോട്ട്മെന്റിനുശേഷം ലഭ്യമായ ആകെ സീറ്റുകൾ 37,539; ഇത്തരത്തിൽ പ്രവേശനത്തിന് ശേഷിക്കുന്ന അപേക്ഷകരെയും ശേഷിക്കുന്ന സീറ്റുകളുടെ എണ്ണവും പരിശോധിക്കുമ്പോൾ 2,144 സീറ്റുകൾ മിച്ചമാണെന്നാണ് ഈ കണക്കുകൾ സൂചിപ്പിക്കുന്നത്. ഇക്കാര്യത്തിൽ ഒന്നും രണ്ടും മൂന്നും അലോട്ട്മെന്റ് കഴിഞ്ഞ് എന്തെങ്കിലും കുറവുണ്ടെങ്കിൽ മൂന്ന് അലോട്ട്മെന്റുകളും കഴിഞ്ഞതിനുശേഷം പരിശോധിക്കാവുന്നതാണ്. കുറവുകളൊന്നുമില്ലെന്ന് ഞാൻ പറയുന്നില്ല. ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ഇതുസംബന്ധിച്ച് നിവേദനം കൊടുക്കുകയും അത് പരിശോധിക്കാമെന്ന് അദ്ദേഹം പറയുകയും ചെയ്തിട്ടുണ്ട്. അതുകൊണ്ട് ഈ

വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട കാര്യമില്ലെന്ന് ഇവിടെ സൂചിപ്പിക്കുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് അനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷ നേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, കേരളത്തിൽ മാറി വന്ന എല്ലാ സർക്കാരുകളുടെയും ആദ്യ മുൻഗണന കുട്ടികളുടെ വിദ്യാഭ്യാസമായിരുന്നു. ദൗർഭാഗ്യവശാൽ ഈ സർക്കാർ മുൻഗണന നൽകുന്ന ആദ്യത്തെ പത്ത് എണ്ണത്തിൽപ്പോലും വിദ്യാഭ്യാസമേഖല ഇല്ലെന്നത് വളരെ വേദനയോടുകൂടി പറയാൻ ആഗ്രഹിക്കുന്നു. സർക്കാർ വെബ്സൈറ്റിലെ കണക്കുകളുമായി യാതൊരു ബന്ധമില്ലാത്ത കണക്കുകളാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ അവതരിപ്പിച്ചത്. ആകെയുള്ള സീറ്റുകളും പ്ലസ് വൺ-ന് ചേരാൻ യോഗ്യതയുള്ള കുട്ടികളുടെ എണ്ണവും തമ്മിലുള്ള ഗ്യാപ്പ് (വി.എച്ച്.എസ്.സി.-പോലെയുള്ളവ കഴിഞ്ഞിട്ടുള്ള ഗ്യാപ്പ്) സർക്കാരിന്റെ വെബ്സൈറ്റിൽത്തന്നെ

വളരെ വ്യക്തമാണ്. സർക്കാരിന്റെ മാർജിനൽ ഇൻക്രീസിനുശേഷവും ഈ ആറ് ജില്ലകളിൽ സീറ്റുകളുടെ എണ്ണം മൈനസിലെത്തി നിൽക്കുകയാണ്. ഇവിടെ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ വളരെ വിചിത്രമായ വാദം കേട്ട് ഭരണകക്ഷിയംഗങ്ങൾ കയ്യടിക്കുന്നതുകണ്ട് ഞങ്ങൾ അത്ഭുതപ്പെട്ടു. അതായത്, ആദ്യത്തെ അലോട്ട്മെന്റ് കഴിഞ്ഞിട്ടും മലപ്പുറം ജില്ലയിൽ 17000 സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്നുവെന്നാണ് പറയുന്നത്. അതിന് കാരണമെന്താണ്? ഇക്കാര്യത്തിൽ സ്റ്റേറ്റ് യൂണിറ്റായി എടുക്കാതെ താലൂക്ക് യൂണിറ്റായി എടുക്കണമെന്ന് സർക്കാരിനോട് ഞങ്ങൾ ആവർത്തിച്ച് പറഞ്ഞിട്ടുള്ള കാര്യമാണ്. പൊന്നാനി താലൂക്കിൽ താമസിക്കുന്ന പാവപ്പെട്ടൊരു കുട്ടിക്ക് ഏറനാട് താലൂക്കിലെ സ്കൂളിൽ അഡ്മിഷൻ ലഭിച്ചാൽ അവിടെ പോയി ചേരാൻ സാധിക്കുമോ; നിലമ്പൂരുള്ളൊരു സ്കൂളിൽ പൊന്നാനിയിലെ സാധാരണ കുടുംബത്തിലുള്ളൊരു കുട്ടിക്ക് അഡ്മിഷൻ ലഭിച്ചാൽ അവിടെപ്പോയി പഠിക്കാൻ സാധിക്കുമോ? ഒന്ന് തൃശ്ശൂർ അതിർത്തിയിലും മറ്റേത് വയനാട് അതിർത്തിയിലുമാണ്. കുറച്ചുകൂടി എളുപ്പത്തിൽ ചോദിക്കാം, അതായത്,

ചിറയിൻകീഴ് താലൂക്കിൽ പഠിക്കുന്ന ഒരു പാവപ്പെട്ട കുട്ടിക്ക് നെയ്യാറ്റിൻകര താലൂക്കിലെ സ്കൂളിൽ അഡ്മിഷൻ ലഭിച്ചാൽ പോകാൻ സാധിക്കുമോ?

ശ്രീ. വി. ശിവൻകുട്ടി: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവേ, കഴിഞ്ഞ പ്രാവശ്യം ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നിർദ്ദേശപ്രകാരം താലൂക്കടിസ്ഥാനത്തിൽ സർവ്വേ നടത്തുകയും അതിന്റെ അടിസ്ഥാനത്തിലാണ് ഈ ബാച്ച് ഷിഫ്റ്റ് നടത്തിയിട്ടുള്ളതെന്ന കാര്യം അങ്ങയെ അറിയിക്കുകയാണ്.

ശ്രീ. വി. ഡി. സതീശൻ: സർ, എന്നാൽ മലപ്പുറം പോലെയുള്ള ഒരു ജില്ലയിൽ ആകെ സീറ്റുകളുടെ എണ്ണവും വിജയിച്ച കുട്ടികളുടെ എണ്ണവും തമ്മിൽ വല്ലാത്തൊരന്തരം നിലനിൽക്കുന്നത് എന്തുകൊണ്ടാണ്? ആദ്യത്തെ അലോട്ട്മെന്റ് കഴിഞ്ഞിട്ടും 17000 സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്നത് എന്തുകൊണ്ടാണെന്ന് ആലോചിക്കാൻപോലും യുക്തിയുള്ള ആരും ഈ വിദ്യാഭ്യാസ വകുപ്പിലില്ലേ? അത്രയും സീറ്റുകൾ ഒഴിഞ്ഞുകിടക്കുകയാണെന്നാണ് ഇപ്പോഴും ബഹുമാനപ്പെട്ട മന്ത്രി പറയുന്നത്. അദ്ദേഹം പറയുന്നത് കേട്ടാൽ മലബാറിലെ ആറ് ജില്ലകളിലും

ബാക്കികിടക്കുന്ന സീറ്റുകളൊക്കെ എവിടെകൊണ്ടുപോയി വയ്ക്കുമെന്നതാണ് സംശയം. ഓരോ ജില്ലയിലും എത്ര ആയിരം സീറ്റുകളാണ് ബാക്കികിടക്കുന്നതെങ്കിൽ എന്തിനാണ് മാർജിനൽ സീറ്റ് വർദ്ധനവ് നടത്തിയത്. ഇതെല്ലാം കഴിയുമ്പോൾ ഓരോ ജില്ലയിലും അയ്യായിരം മുതൽ പതിനായിരം വരെ സീറ്റ് ബാക്കി വരുമെന്നാണ് അങ്ങ് പറഞ്ഞത്. അങ്ങനെ അയ്യായിരം മുതൽ പതിനായിരം വരെ സീറ്റ് മലബാറിലെ ആറ് ജില്ലകളിലും ബാക്കിവരുമെങ്കിൽ എന്തിനാണ് വിദ്യാഭ്യാസ വകുപ്പ് മുപ്പത് ശതമാനം മാർജിനൽ ഇൻക്രീസ് നൽകിയത്. അങ്ങയുടെ സ്റ്റാറ്റിസ്റ്റിക്സും യാഥാർത്ഥ്യവും തമ്മിൽ പരസ്പര വിരുദ്ധമാണ്. നിങ്ങൾ നൽകിയത് എന്താണെന്ന് നിങ്ങൾക്ക് അറിയാം. ഈ സീറ്റുകളുടെ ഗ്യാപ്പുണ്ടെന്ന് അറിയാമായിരുന്നതുകൊണ്ടാണ് മുപ്പത് ശതമാനം മാർജിനൽ സീറ്റ് നൽകിയത്. എന്നിട്ട് ഗ്യാപ് ഇല്ലെന്ന് വാദിക്കുകയാണ്. ഗ്യാപ് ഇല്ലെന്ന് വാദിക്കുകയും ബാക്കിയുള്ള സീറ്റുകൾ ഒഴിഞ്ഞുകിടക്കുകയാണെന്നും പറയുകയാണ്. മാത്രമല്ല, അഡ്മിഷൻ പൂർത്തിയാകുമ്പോൾ അയ്യായിരം മുതൽ പതനായിരം വരെ സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്ന ജില്ലയിൽ എന്തിനാണ് മുപ്പത് ശതമാനം മാർജിനൽ

ഇൻക്രീസ് നൽകിയത്. മാർജിനൽ ഇൻക്രീസിനെ സംബന്ധിച്ച് ശ്രീ. എൻ. ഷംസുദ്ദീൻ വളരെ വ്യക്തമായി ഇവിടെ പറഞ്ഞു. അദ്ധ്യാപക വിദ്യാർത്ഥി അനുപാതം 40 ആണ്, ഇനി 50 ആകട്ടെ. 30% ഇൻക്രീസ് വരുമ്പോൾ ചില ക്ലാസ്സുകളിൽ 65 മുതൽ 75 വരെ കുട്ടികൾ വരുന്നുണ്ട്. ഒരു ക്ലാസ്സിൽ 75 കുട്ടികളെ ഉൾപ്പെടുത്തി എങ്ങനെ പഠിപ്പിക്കാൻ സാധിക്കുമെന്നാണ് പറയുന്നത്; വിദ്യാർത്ഥി സമ്മേളനമാണോ ക്ലാസ് മുറികളിൽ നടക്കുന്നത്; അദ്ധ്യാപകൻ എങ്ങനെയാണ് ആ ക്ലാസ്സിൽ പഠിപ്പിക്കുന്നത്; മാത്രമല്ല, ഇവിടെയെത്തുന്ന വിദ്യാർത്ഥികൾക്ക് അവരുടെ ഏജ് ഗ്രൂപ്പിന്റെതായ ചില പ്രത്യേകതകളുണ്ട്. ടീനേജിന്റെ മധ്യത്തിലുള്ള ഏജ് ഗ്രൂപ്പിൽപ്പെട്ട കുട്ടികളാണ് അവിടെ പഠിക്കാൻ വരുന്നത്. വിദ്യാർത്ഥികളെ സംബന്ധിച്ച് അവരുടെ ജീവിതത്തിലെ വളരെ ക്രൂഷ്യലായിട്ടുള്ളൊരു സമയം കൂടിയാണത്. അവർക്ക് ശാരീരികവും മാനസികവുമായി വളരെ വേഗത്തിൽ വ്യതിയാനങ്ങളുണ്ടാകുന്ന സമയമാണ്. മാത്രമല്ല, പ്ലസ് ടു എന്നുപറയുന്നത് അവരെ സംബന്ധിച്ച് ഒരു ജംഗ്ഷനാണ്. വളരെ പ്രധാനപ്പെട്ടൊരു പ്രൊഫഷനിലേയ്ക്ക്/മറ്റൊരു പ്രധാനപ്പെട്ട സ്ഥലത്തേയ്ക്ക് പോകണമെന്ന് തീരുമാനിക്കുന്ന വിദ്യാർത്ഥിയുടെ ജീവിതത്തിലെ ഏറ്റവും

പ്രധാനപ്പെട്ടൊരു ജംഗ്ഷനാണ് പ്ലസ് ടു. അങ്ങനെയുള്ളൊരു വിദ്യാഭ്യാസ നിലവാരം മുഴുവൻ തകർത്ത് തരിപ്പണമാക്കി 75 കുട്ടികളെവച്ച് ക്ലാസ്സെടുക്കാൻ പോവുകയാണ്. ഇങ്ങനെപോയാൽ സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ മേഖലയുടെ സ്ഥിതി എന്തായിരിക്കും? കേരളത്തിന്റെ വിദ്യാഭ്യാസ ചരിത്രത്തിൽ ഗവൺമെന്റ് ഹയർ സെക്കണ്ടറി രൂപം കൊണ്ടപ്പോൾ നിരവധി ഗവൺമെന്റ് സ്കൂളുകളിൽ മികച്ച നിലവാരത്തോടുകൂടി ഹയർ സെക്കണ്ടറി ബാച്ചുകളാരംഭിച്ച സംസ്ഥാനമാണ് കേരളം. സംസ്ഥാനത്തെ പല ഗവൺമെന്റ് സ്കൂളുകളും ഉന്നത നിലവാരത്തിലാണ് പ്രവർത്തിച്ചിരുന്നത്. എയ്ഡഡ് മേഖലയിലെ സ്കൂളുകളും മോശമല്ലാത്ത രീതിയിൽ നിൽക്കുന്നുണ്ട്. പ്ലസ് ടു വിദ്യാഭ്യാസത്തിന് വളരെയധികം പ്രത്യേകതകളുള്ളൊരു സംസ്ഥാനമാണ് കേരളം. നമുക്ക് അറിയാമല്ലോ; നിലവിൽ കൂടുതൽ കുട്ടികൾ ഉന്നത വിദ്യാഭ്യാസത്തിന് പോകുന്നത് ഇവിടെ പരാമർശിക്കപ്പെട്ട അഞ്ചാറ് ജില്ലകളിൽനിന്നാണ്. ഒരുകാലത്ത് വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുകയും എന്നാൽ കഴിഞ്ഞ കാൽനൂറ്റാണ്ടുകൊണ്ട് അത്ഭുതകരമായും വിസ്മയകരവുമായ വേഗത്തിൽ വിദ്യാഭ്യാസ രംഗത്ത് മുന്നോട്ടേയ്ക്ക്വരികയും

ചെയ്ത ജില്ലകൾക്കുടിയാണെന്ന കാര്യം ശ്രദ്ധിക്കണം. ഇന്ത്യയിലെ ഏറ്റവും പ്രശസ്തമായ ക്യാമ്പസുകളിൽ കേരളത്തിൽനിന്നുള്ള (പ്രത്യേകിച്ച് ഈ ജില്ലകളിൽനിന്നുള്ള) ധാരാളം കുട്ടികൾ അവിടെ പഠിക്കുന്നുണ്ട്. ഡൽഹി യൂണിവേഴ്സിറ്റിയിൽ, ജെ.എൻ.യു.-വിൽ, സെന്റ്സേവ്യേഴ്സിൽ അതുപോലെ ഇന്ത്യയിലെ അറിയപ്പെടുന്ന വിദ്യാഭ്യാസസ്ഥാപനങ്ങളിലെല്ലാം ഒരുകാലത്ത് വിദ്യാഭ്യാസപരമായി പിന്നോക്കം നിന്നിരുന്ന വിദ്യാർത്ഥികൾ മികച്ച പ്രൊഫഷണൽ കോഴ്സുകളിലേയ്ക്ക്/വലിയ കോഴ്സുകളിലേയ്ക്ക് പോയിക്കൊണ്ടിരിക്കുന്ന വിസ്മയകരമായ മുന്നേറ്റം നടക്കുന്നൊരു കാലമാണ്. അതിന്റെ ചിറകൊടിക്കാൻ മാത്രം അല്ലെങ്കിൽ അങ്ങനെ പറന്നുപോകുന്ന കുട്ടികളുടെ ചിറകരിയാൻ മാത്രമേ ഈ സംവിധാനം ഉപകരിക്കുകയുള്ളൂ. അതുകൊണ്ട് സത്യം പറഞ്ഞാൽ ഈ സംവിധാനം ഏച്ചുകെട്ടിവയ്ക്കുകയാണ് ചെയ്യുന്നത്. ഇതൊരു പരിഹാരമല്ലെന്ന് ബഹുമാനപ്പെട്ട പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രിക്ക് നന്നായി അറിയാമെങ്കിലും അദ്ദേഹത്തിന് ഇങ്ങനെ വാദിക്കേണ്ടിവരുന്നു. വിദ്യാഭ്യാസ രംഗം എന്തുകൊണ്ട് ഈ സർക്കാരിന്റെ പ്രയോരിറ്റിയിൽ ഉൾപ്പെടുന്നില്ലെന്നത് ശ്രീ. എൻ. ഷംസുദ്ദീൻ ഇവിടെ

പറഞ്ഞകാര്യം തന്നെയാണ്. ഈ സർക്കാർ ആവശ്യമില്ലാത്ത കാര്യങ്ങൾക്ക് പണം ചെലവാക്കുമ്പോൾ അഡീഷണൽ ബാച്ചുകൾ അനുവദിച്ചാലുണ്ടാകുന്ന സാമ്പത്തിക ബുദ്ധിമുട്ടുകളെക്കുറിച്ചാണ് സർക്കാർ പറയുന്നത്. സർക്കാരിന്റെ ആദ്യത്തെ മുൻഗണന വിദ്യാഭ്യാസം ആയിരുന്നുവെങ്കിൽ മറ്റുപല അനാവശ്യ കാര്യങ്ങൾക്കുവേണ്ടി ചെലവാക്കിയിരുന്ന പണം മുൻഗണന നൽകുന്ന ഓരോ മേഖലകൾക്ക്/സെക്ടറുകൾക്ക് കൊടുക്കുമായിരുന്നു. ഇടത്തോട്ട് ഇൻഡിക്കേറ്റർ ഇട്ട് വലത്തോട്ട് വാഹനങ്ങൾ കൊണ്ടുപോകുന്ന ആളുകളെപ്പോലെയാണ് ഈ സർക്കാർ പെരുമാറുന്നതെന്ന് ഞങ്ങൾ മുമ്പും പറഞ്ഞിട്ടുണ്ട്. ബഹുമാനപ്പെട്ട ബിഷപ്പ് മാർ കുര്യാക്കോസ് പറഞ്ഞതുപോലെ, തീവ്ര വലതുപക്ഷ വ്യതിയാനമാണ്. ഈ സർക്കാരിന് യാതൊരു പ്ലാനിംഗുമില്ല; പ്ലാനിംഗിൽനിന്ന് പ്രോജക്ടിലേയ്ക്ക് പോകുകയാണ്. അതാണ് തീവ്രവലതുപക്ഷ വ്യതിയാനമെന്ന് പറയുന്നത്. ഡൽഹിയിലെ മോദി ഗവൺമെന്റ് അങ്ങനെ തന്നെയാണ് ചെയ്യുന്നത്. അവർ നെഹ്റുവിന്റെ കാലത്തുണ്ടായിരുന്ന പ്ലാനിംഗ് വഴിയിലുപേക്ഷിച്ച് പ്രോജക്ടിന്റെ പുറകെ പോകുകയാണ്. ഈ സർക്കാർ കിഫ്ബി കൊണ്ടുവന്നപ്പോൾ വലത്തോട്ട് പോകുകയാണെന്ന് (extreme right

to deviation) ഞങ്ങൾ പറഞ്ഞതാണ്. എട്ട് വർഷം മുമ്പ് ഈ ഗവൺമെന്റ് അധികാരത്തിൽവന്നപ്പോൾ ആദ്യത്തെ രണ്ടുമൂന്ന് വർഷം കൊട്ടിഘോഷിച്ചത് എന്താണ്; "കണ്ടില്ലേ പൊതുവിദ്യാഭ്യാസ യജ്ഞം, പൊതുവിദ്യാലയങ്ങളിലേയ്ക്ക് കുട്ടികൾ ഒഴുകിവരികയാണ്" എന്നാണ്; വളരെ പലപ്രദമായി പൊതുജനമദ്ധ്യേ നിങ്ങൾ അത് അവതരിപ്പിച്ചു. എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പൊതുവിദ്യാലയങ്ങളിലേയ്ക്ക് കുട്ടികളുടെ ഒഴുക്കാണെന്ന് നിങ്ങൾ പ്രചരിപ്പിച്ചു. എന്നാൽ അതിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് കണക്കെടുത്ത് നോക്കണം. കഴിഞ്ഞ വർഷം പൊതുവിദ്യാലയങ്ങളിലേയ്ക്ക് ഒരു ലക്ഷത്തോളം കുട്ടികളുടെ കുറവുണ്ടായിട്ടുണ്ട്. ഈ വർഷവും കുട്ടികളുടെ എണ്ണം കുറഞ്ഞു. പൊതുവിദ്യാലയങ്ങളിലേയ്ക്ക് വരുന്ന കുട്ടികളുടെ എണ്ണം കുറയുന്നതുകൊണ്ടാണ് ഈ സർക്കാർ അതുസംബന്ധിച്ച് യാതൊന്നും മിണ്ടാത്തത്. അല്ലെങ്കിൽ ഇവിടത്തെ പ്രചരണം എന്താകുമായിരുന്നു; പൊതുവിദ്യാലയങ്ങളിലേയ്ക്ക് വരുന്ന കുട്ടികളുടെ എണ്ണം പതിനായിരക്കണക്കിന് കുറയുകയാണ്. നേരത്തെ സി.ബി.എസ്.ഇ. സിലബസ്സിൽ പത്താം ക്ലാസ് പഠിച്ചുകഴിഞ്ഞാൽ സ്റ്റേറ്റ്

സിലബസിലേയ്ക്ക് പഠിക്കാൻ ധാരാളം കുട്ടികൾ വരുമായിരുന്നു. എന്നാലിപ്പോൾ അങ്ങനെ വരുന്ന കുട്ടികളുടെ എണ്ണം ഗൗരവതരമായി കുറഞ്ഞിരിക്കുന്നു. കഴിഞ്ഞ നാലഞ്ച് വർഷത്തെ കണക്ക് പരിശോധിക്കണം. സി.ബി.എസ്.ഇ. സിലബസ് പഠിക്കാൻ കുറച്ച് ബുദ്ധിമുട്ടാണ്; കൂടാതെ പ്രൊഫഷണൽ കോഴ്സുകൾ പഠിക്കാൻ പോകുമ്പോൾ പ്ലസ് ടു-വിന് കുറച്ചുകൂടി മാർക്ക് ലഭിക്കാൻ സി.ബി.എസ്.ഇ.-യെക്കാൾ നല്ലത് സ്റ്റേറ്റ് സിലബസാണ്. അങ്ങനെ സി.ബി.എസ്.ഇ.-യിൽനിന്ന് സ്റ്റേറ്റ് സിലബസിലേയ്ക്ക് കുട്ടികളുടെ വൻതോതിലുള്ള ഒഴുക്കുണ്ടായിരുന്നു. ഇപ്പോൾ അത് പൂർണ്ണമായും നിലച്ചിരിക്കുകയാണ്. സി.ബി.എസ്.സി.യിൽ നിന്നും കുട്ടികൾ സ്റ്റേറ്റ് സിലബസ്സിലേയ്ക്ക് വരാത്തതെന്തുകൊണ്ടാണ്? ക്വാളിറ്റി ഓഫ് എഡ്യൂക്കേഷനും അഡ്മിഷനും നല്ല സ്കൂൾ ലഭിക്കുമെന്നും ഉറപ്പില്ലാത്തതുകൊണ്ടാണ് വിദ്യാർത്ഥികളുടെ എണ്ണത്തിൽ ഇത്രയധികം കുറവുണ്ടാകുന്നത്. ഇത് വളരെ ഗൗരവത്തോടുകൂടി കൈകാര്യം ചെയ്തില്ലെങ്കിൽ നമ്മുടെ പൊതുവിദ്യാഭ്യാസമേഖല തളർന്നുപോകും. അതിനാൽ വസ്തുത എന്താണെന്ന് മനസ്സിലാക്കിയശേഷം മാത്രമേ ഈ രംഗത്ത് കാര്യങ്ങൾ ചെയ്യാൻ പാടുള്ളൂ.

പ്രൊഫ. കാർത്തികേയൻ നായർ കമ്മിറ്റി റിപ്പോർട്ടിനെക്കുറിച്ചൊക്കെ ഇവിടെ പറഞ്ഞു. നിങ്ങൾതന്നെ വച്ച കമ്മിറ്റിയും റിപ്പോർട്ടും കാര്യങ്ങളുമൊക്കെയല്ലേ. അവിടെ സീറ്റ് വളരെ കുറവാണെന്ന് ആർക്കാണ് അറിഞ്ഞുകൂടാത്തത്. ആ ജില്ലകളെ പ്രതിനിധികരിച്ച് നിയമസഭയിലെത്തിയ എത്രയോ എം.എൽ.എ.-മാരുണ്ട്. എത്രയോ കുട്ടികളും അവരുടെ രക്ഷകർത്താക്കളും ഇതേ ആവശ്യമുന്നയിച്ച് നേരിട്ട് വന്നുകാണുന്നുവെന്ന് നിങ്ങൾക്ക് അറിയാമല്ലോ. ഇതിന്റെയൊക്കെ യാഥാർത്ഥ്യം എന്താണെന്ന് നിങ്ങൾക്ക് അറിയാമല്ലോ; ആവശ്യമായ സീറ്റ് അവിടെയില്ലെന്ന് ആ ജില്ലകളെ പ്രതിനിധീകരിച്ച് വരുന്ന ജനപ്രതിനിധികൾക്ക് അറിയാമല്ലോ; അക്കാര്യം അറിയാത്തവരാണ് ഇവിടെ ബഹളമുണ്ടാക്കുന്നത്. കുട്ടികൾക്ക് അവർ ആഗ്രഹിക്കുന്ന വിഷയം പഠിക്കാൻ കഴിയുന്നില്ലെന്നത് ഒരു യാഥാർത്ഥ്യമാണ്. ഇതൊക്കെയാണ് ഈ സഭ ഗൗരവത്തോടെ ചർച്ച ചെയ്യേണ്ടത്. നമുക്കൊരു വിദ്യാഭ്യാസ സംസ്കാരമുണ്ട്. കാലാകലങ്ങളായി ഗവൺമെന്റുകൾ നൽകി വരുന്നൊരു വിശ്വാസ്യതയുണ്ട്. ആ വിശ്വാസ്യത ഈ സർക്കാർ ഇല്ലാതാക്കുന്നുവെന്ന് വളരെ സങ്കടത്തോടുകൂടി പറയേണ്ടതായിവരികയാണ്. ഈ ഗവൺമെന്റിന്റെ നിലപാട്

നിസ്സഹരണമാണ്; അതായത്, ഞങ്ങൾ ഇങ്ങനെ മാത്രമേ ചെയ്യുകയുള്ളൂ; 30% മാർജിൻ കൊടുത്ത് 75 കുട്ടികളുള്ള ക്ലാസ്സുകളിൽ വേണമെങ്കിൽ പഠിച്ചോ അല്ലെങ്കിൽ പഠിക്കണ്ട എന്ന നിലപാടാണ് ഈ സർക്കാരിനുള്ളത്.

ശ്രീ. വി. ശിവൻകുട്ടി: സർ, ഒരു ക്ലാസ്സിൽ 60-65 കുട്ടികൾക്ക് അഡ്മിഷൻ നൽകുന്നത് ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ കാലഘട്ടത്തിൽ മാത്രമല്ല, യു.ഡി.എഫ്.-ന്റെ കാലഘട്ടത്തിലും അങ്ങനെതന്നെയാണ് ചെയ്തിട്ടുള്ളത്. അത്തരം കാര്യങ്ങളിൽ എൽ.ഡി.എഫ്-നും യു.ഡി.എഫ്-നും തുല്യഉത്തരവാദിത്തമുണ്ടെന്ന് മനസ്സിലാക്കുന്നത് നന്നായിരിക്കും. യു.ഡി.എഫ്. ഭരണകാലത്തെ വിദ്യാഭ്യാസ വകുപ്പുമന്ത്രിയായിരുന്ന ശ്രീ. പി. കെ. അബ്ദുറബ്ബിന്റെ കാലഘട്ടത്തിൽ ഒരു ക്ലാസ്സിൽ 80 ഓളം കുട്ടികൾക്ക് അഡ്മിഷൻ കൊടുത്തിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം പ്രകടിപ്പിച്ചതുപോലുള്ള യാതൊരാശങ്കയോ ബുദ്ധിമുട്ടുകളോ പൊതുവിദ്യാഭ്യാസ മേഖലയിലുണ്ടായിട്ടില്ല. മാത്രമല്ല, സർക്കാർ സ്കൂളുകളിൽ ഒന്നാം ക്ലാസ്സിൽ പ്രവേശനം ലഭിച്ച കുട്ടികളുടെ എണ്ണം വർദ്ധിച്ചിട്ടുണ്ട്. അതിന്റെ കൃത്യമായ കണക്കുകൾ എന്റെ

കൈവശമില്ലെങ്കിലും അങ്ങ് പറഞ്ഞതുപോലുള്ള ഉത്കണ്ഠയ്ക്ക് യാതൊരടിസ്ഥാനവുമില്ല.

ശ്രീ. വി. ഡി. സതീശൻ: സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത് വളരെ ശരിയാണ്. അതായത്, യു.ഡി.എഫ്.-ന്റെ കാലത്ത് കുട്ടികളുടെ എണ്ണം മാർജിനലായി കൂട്ടേണ്ടിവന്നപ്പോൾ ആ ഗവൺമെന്റൊരു തീരുമാനമെടുത്തുകയും കുട്ടികളുടെ എണ്ണം വർദ്ധിപ്പിക്കേണ്ടിവന്ന തീരുമാനം തിരുത്തുകയും ചെയ്തു. എന്താണ് തീരുമാനം? അന്നത്തെ യു.ഡി.എഫ്.സർക്കാർ 1400 ബാച്ച് അനുവദിക്കാനുള്ള തീരുമാനമെടുക്കുകയും കുട്ടികളുടെ എണ്ണം കുറച്ചുകൊണ്ട് ആവശ്യമായ സ്ഥലങ്ങളിൽ പുതിയ ബാച്ച് അനുവദിക്കാനുള്ള തീരുമാനമെടുത്തു. അത്തരത്തിൽ അഡീഷണൽ ബാച്ചുകൾ അനുവദിക്കണമെന്നും ഇതിന് പ്രയോറിറ്റി കൊടുക്കണം എന്നതാണ് ഞങ്ങളുടെ ആവശ്യം. പ്രതിപക്ഷമെന്ന നിലയിൽ കുട്ടികൾക്കും രക്ഷകർത്താക്കൾക്കുംവേണ്ടി ഞങ്ങൾ സംസാരിക്കുമ്പോൾ ഒരുകാരണവശാലും അതൊന്നും ചെയ്യില്ലെന്നും ഇങ്ങനെതന്നെ പോയാൽ മതിയെന്നുമുള്ള നിലപാടാണ് ഈ സർക്കാർ സ്വീകരിക്കുന്നത്. സർക്കാരിന്റെ

നിഷേധാത്മകമായ നിലപാടിൽ ശക്തമായി പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷനേതാവ് ശ്രീ. വി. ഡി. സതീശനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

പ്രതിപക്ഷ ഉപനേതാവ് (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, ബഹുമാനപ്പെട്ട പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രിക്ക് ഈ പ്രശ്നങ്ങളെന്നും അറിയാത്തതല്ല. ഇതൊക്കെ വളരെ നന്നായി അദ്ദേഹത്തിന് അറിയാവുന്നതാണ്. അദ്ദേഹം മറുപടി പറയുന്ന രീതി കണ്ടാൽ തന്നെ പറയുന്നതിനെക്കുറിച്ച് ശരിയായ ബോദ്ധ്യമുണ്ടെന്നും ഇങ്ങനെയൊക്കെ പറയേണ്ടിവന്നതുകൊണ്ട് പറയുന്നതാണെന്നും വസ്തുതകൾ മറിച്ചാണെന്ന് മനസ്സിലാകും. അദ്ദേഹം സംസാരിച്ചുതുടങ്ങിയപ്പോൾ സീറ്റുകൾ ബാക്കിയാണെന്നാണ് പറഞ്ഞത്. പക്ഷേ, സംസാരിച്ചവസാനിപ്പിച്ചപ്പോൾ ഇനിയെന്തെങ്കിലുമൊക്കെ കുറവുണ്ടെങ്കിൽ അതിനെക്കുറിച്ച് ആലോചിക്കാമെന്നാണ് പറഞ്ഞത്. ഈ വിഷയത്തെ സംബന്ധിച്ച്

ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രിയുമടക്കമുള്ള സന്ദർഭത്തിൽ ഞങ്ങൾ നിവേദനം നൽകിയിരുന്നു. ഇപ്പോൾ പ്രതിപക്ഷ നേതാവ് സൂചിപ്പിച്ചതുപോലെ ഇവിടെ പറഞ്ഞതുപോലുള്ള മാർജിനൽ ഇൻക്രീസ് കൊടുത്താൽപോലും പാലക്കാട് ജില്ലയിൽ വീണ്ടും ആറായിരത്തി ചില്ല്യാനം സീറ്റിന്റെ കുറവും മലപ്പുറത്ത് ഇരുപത്തിരണ്ടായിരത്തി ചില്ലാനം സീറ്റിന്റെ കുറവും കോഴിക്കോട് മൂവായിരത്തി ചില്ല്യാനം സീറ്റുകളുടെ കുറവും കണ്ണൂരിൽ മൂവായിരത്തിലധികം സീറ്റുകളുടെ കുറവുമുണ്ടെന്ന് ഈ സർക്കാരിന് ബോദ്ധ്യപ്പെടുത്തിത്തരാം. കാസർഗോഡ് ജില്ലയിലും സീറ്റുകളുടെ കുറവുണ്ടായിട്ടുണ്ട്. ഇതൊക്കെ തികച്ചും വസ്തുതാപരവും സത്യവുമാണ്. ധാരാളം കുട്ടികൾ പഠനം നിർത്തുകയാണ്. മാർക്ക് അല്പം കുറഞ്ഞുപോയാൽ സ്കൂളിൽ ചേരാൻ കഴിയാത്ത സാഹചര്യമാണുള്ളത്. ഓപ്പൺ സ്കൂൾ മുഖാന്തരം പഠിച്ച് പരീക്ഷയെഴുതി എങ്ങനെയൊക്കെയോ അവർ മുന്നോട്ടുപോവുകയാണ്. ഇങ്ങനെയൊരവസ്ഥയിൽ അൺ എയ്ഡഡിലും അതുപോലുള്ള മറ്റ് മേഖലകളിലും പോളിടെക്നിക്കുകളിലുമൊക്കെ സീറ്റുകളൊഴിവുണ്ടെന്ന് വകുപ്പുദ്യോഗസ്ഥർ തട്ടിക്കൂട്ടി തയ്യാറാക്കിക്കൊടുത്ത കണക്കുകൾ വച്ച് 65-70

കുട്ടികളെ ഒരു ക്ലാസ്സിലിരുത്തി പഠിപ്പിക്കുകയും തുടർന്ന് അവിടെയൊരു മാർജിനൽ ഇൻക്രീസ് കൊടുത്ത് വിഷയം അവസാനിപ്പിക്കുകയെന്ന് പറയുന്ന ഈ മനോഭാവം എന്താണ്? കേന്ദ്രം കേരളത്തെ അവഗണിക്കുന്നുവെന്നത് വസ്തുതയാണ്. എന്നുകരുതി, അതേ നിലപാട് പിന്തുടർന്ന് കേരളത്തിന്റെ ഒരു ഭാഗത്തെ ഈ സർക്കാർ ഇങ്ങനെ അവഗണിക്കാമോ? ഈ സർക്കാർ അധികാരത്തിൽവന്നിട്ട് അഞ്ചെട്ടുകൊല്ലമായില്ലേ; യു.ഡി.എഫ്. ഭരിക്കുന്ന കാലത്ത് ഈ കുറവ് നികത്തിയോയെന്ന് ബഹുമാനപ്പെട്ട മന്ത്രി ചോദിക്കുകയുണ്ടായി. അങ്ങനെ സീറ്റുകളുടെ കുറവ് നികത്താൻ അന്നത്തെ സർക്കാർ ശ്രമിക്കുമ്പോഴുണ്ടായ പ്രക്ഷോഭത്തെക്കുറിച്ച് നമുക്കെല്ലാവർക്കും അറിയാമല്ലോ; ആ പ്രക്ഷോഭത്തിനിടയിലും കുറെയൊക്കെ കാര്യങ്ങൾ ചെയ്യാൻ അന്നത്തെ യു.ഡി.എഫ്. സർക്കാർ ശ്രമിച്ചിട്ടുണ്ട്. അതിലൂടെ കുറേയൊക്കെ പോരായ്മകൾ പരിഹരിക്കാൻ സാധിച്ചിട്ടുമുണ്ട്. ഇപ്പോൾ എട്ടുകൊല്ലമായി ഈ സർക്കാർ വിദ്യാഭ്യാസ മേഖലയിൽ യാതൊന്നും ചെയ്യുന്നില്ല. ഇങ്ങനെയാണ് മുന്നോട്ടുപോകുന്നതെങ്കിൽ എന്തായിരിക്കും ഇവിടത്തെ അവസ്ഥ? ബഹുമാനപ്പെട്ട മന്ത്രി ഇവിടെയുണ്ടല്ലോ; പാലക്കാട് ജില്ലയിലെ കുട്ടികളുടെ

സ്ഥിതിയെന്താണെന്ന് അന്വേഷിക്കുന്നത് നന്നായിരിക്കും. എവിടെയെങ്കിലുമൊക്കെ പോയി എന്തെങ്കിലുമൊക്കെ പഠിക്കണമെന്ന് അവിടത്തെ കുട്ടികൾ വിചാരിച്ചാൽപോലും പാലക്കാട് ജില്ലയിൽ അതൊന്നും നടക്കില്ല. ഇവിടെ സൂചിപ്പിച്ചതുപോലെ നിലമ്പൂരിലുള്ള കുട്ടി പൊന്നാനിയിലെ സ്കൂളിൽ ചേരുകയെന്ന് പറഞ്ഞാൽ അത് അസാദ്ധ്യമാണ്. ഇതൊന്നും കണക്കിലെടുക്കാതെയാണ് ഡിപ്പാർട്ടുമെന്റ് ഈ കണക്ക് മുഴുവൻ പറഞ്ഞുകൊണ്ടിരിക്കുന്നത്. വിദ്യാഭ്യാസ വകുപ്പ് തയ്യാറാക്കി മന്ത്രി നൽകുന്ന കണക്കുകൾ സഭയിൽ കൊണ്ടുവന്ന് അവതരിപ്പിച്ചാൽ ഇവിടത്തെ പ്രശ്നം തീരുമോ; അഞ്ചെട്ടുകൊല്ലമായി പൊതുവിദ്യാഭ്യാസം എന്നത് ഈ സർക്കാരിന്റെ പ്രയോറിറ്റിയല്ല. വിദ്യാഭ്യാസരംഗം നേരിടുന്ന ഇത്തരം ഗൗരമേറിയ പ്രശ്നം പരിഹരിക്കുന്നതിനോ അവിടെയുള്ള കുട്ടികൾക്ക് മറ്റൊരിടത്തും പഠിച്ചുകൂടെന്നുള്ള സ്ഥിതി പരിഹരിക്കാനുള്ളൊരു മൈന്റ് സെറ്റിലേയ്ക്ക് ഈ സർക്കാർ വരുന്നില്ല. അക്കാര്യങ്ങളൊക്കെ അദ്ദേഹത്തിനുതന്നെ അറിയാം, അവിടെ സീറ്റ് അനുവദിക്കണമെന്ന് അദ്ദേഹത്തിന് ആഗ്രഹമുണ്ടെങ്കിലും സർക്കാരിന് അതിനുള്ള പണമില്ല.

എന്നാൽപ്പിന്നെ അക്കാര്യം പറഞ്ഞാൽപോരേ, പക്ഷേ, വസ്തുതകളൊന്നും പറയാതെ, അവിടെ സീറ്റ് അധികമാണെന്ന് സീറ്റ് ലഭിക്കാത്തതവന്റെ മുഖത്തുനോക്കി പറയുന്നത് ശരിയാണോ? അര പട്ടിണിയും മുഴുപട്ടിണിയുമായി കിടക്കുന്നവരുടെ മുഖത്തുനോക്കി അവിടെ നിങ്ങൾക്ക് എല്ലാമുണ്ട്, പിന്നെ എന്തിനാണ് പട്ടിണി കിടക്കുന്നതെന്ന് ചോദിക്കുന്നതുപോലെയല്ലേ ഇത്. അത് വളരെ കഷ്ടമാണ്; അങ്ങയുടെ സമീപനം നെഗറ്റീവാണെന്ന് ഞാൻ പറയുന്നില്ല. പക്ഷേ, ഈ രംഗത്ത് കാര്യമായ യാതൊരു പ്രവർത്തനവും നടക്കുന്നില്ല.

ശ്രീ. വി. ശിവൻകുട്ടി: സർ, മുൻ മന്ത്രിയായിരുന്ന ആളാണല്ലോ അങ്ങ്; ഒരു ഡിപ്പാർട്ടുമെന്റിൽ നിന്നും വിവരങ്ങൾ ശേഖരിക്കുന്നത് എങ്ങനെയാണ്; ഞാനും അങ്ങും ഉൾപ്പെടുന്ന എല്ലാവരും വിവരങ്ങൾ ശേഖരിക്കുന്നതിന് ഒരു സംവിധാനമുണ്ട്. പക്ഷേ, ആ സംവിധാനത്തിൽനിന്ന് കിട്ടുന്ന കാര്യങ്ങൾ നമ്മുടെ പ്രായോഗിക പരിജ്ഞാനത്തിന്റെയും ഇടപെടലിന്റെയും അടിസ്ഥാനത്തിൽ പരിശോധിച്ചുനോക്കിയശേഷമാണ് ഇതുപോലൊരു സഭയിൽ അവതരിപ്പിക്കുന്നതിന് മന്ത്രിയെന്ന നിലയിൽ അതിനൊരു

ഉത്തരവാദിത്തമുണ്ടല്ലോ; അങ്ങ് കള്ളം പറയുകയാണെന്നൊന്നും ഞാൻ പറയുന്നില്ല. തെറ്റിദ്ധാരണാജനകമായ രീതിയിൽ ആരോ അങ്ങേയ്ക്ക് ഇത്തരത്തിൽ കുറിച്ചുതന്നുവെന്നാണ് എനിക്ക് തോന്നുന്നത്. അല്ലാതെ അങ്ങ് ഒരിക്കലും കള്ളം പറയുന്നയാളല്ല.

<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u>: സർ, ഇതൊരു വാക്കൗട്ട് പ്രസംഗമായതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി വായിച്ചതുപോലുള്ള പട്ടിക വായിക്കണ്ടായെന്ന് വിചാരിച്ചിട്ടാണ് കണക്കുകൾ ഉദ്ധരിക്കാത്തത്. ആകെ പാസ്സായവർ, ആകെ എലിജിബിളായവർ, എ പ്ലസ് കിട്ടിയവർ, എച്ച്.എസ്.സി., വി.എച്ച്.എസ്.സി., ആകെ സീറ്റുകൾ, മാർജിനൽ ഇൻക്രീസ് കൊടുത്താൽ എത്ര, കൊടുക്കാതിരുന്നാൽ എത്ര എന്നിങ്ങനെയുള്ള കണക്ക് ഞാൻ അങ്ങേയ്ക്കുതരാം. അത് ബഹുമാനപ്പെട്ട മന്ത്രി അങ്ങേയ്ക്ക് വിശ്വാസമുള്ള ഉദ്യോഗസ്ഥരെക്കൊണ്ട് പരിശോധിപ്പിച്ചോളൂ. നിയമസഭാ സമിതി പരിശോധിക്കട്ടെ, യാതൊരു വിരോധമില്ല. ഇവിടെയിരിക്കുന്ന സാമാജികന്മാരിൽ പാലക്കാട്ടുനിന്നുള്ളവരും കോഴിക്കോട്ടുനിന്നുള്ളവരും അവിടെ യാതൊരു കുറവുമില്ലെന്ന് പറയട്ടെ; അക്കാര്യങ്ങളെപ്പറ്റി

ബഹുമാനപ്പെട്ട മന്ത്രി അവരോട് തന്നെ ചോദിച്ചാൽമതി, അസംബ്ലിയിൽവച്ച് ചോദിക്കുമ്പോൾ ചിലപ്പോൾ അവർക്ക് അങ്ങനെ പറയാൻ സാധിക്കില്ല. പക്ഷെ, അസംബ്ലി പിരിഞ്ഞതിനുശേഷം അങ്ങ് ദയവായി അവിടത്തെ സ്ഥിതിയെന്താണെന്നതിനെപ്പറ്റി അവരോടൊന്ന് ചോദിച്ച് മനസ്സിലാക്കണം. ഞാൻ പറഞ്ഞത് വിട്ടേയ്ക്കൂ, അവർ പറയുന്നത് എന്താണെന്ന് നോക്കിയാൽമതി. അതുകൊണ്ട് ഈ രംഗത്ത് കാര്യക്ഷമമായി എന്തെങ്കിലുമൊക്കെ ചെയ്യുകയെന്ന രാഷ്ട്രീയ തീരുമാനത്തിലേയ്ക്കോ അല്ലെങ്കിൽ ഇതിനായി എങ്ങനെയെങ്കിലും കുറച്ച് ഫണ്ട് കണ്ടെത്തുകയെന്നൊരു തീരുമാനത്തിലേയ്ക്കോ സർക്കാർ വന്നാൽമാത്രമേ ഈ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ സാധിക്കുകയുള്ളൂ. ഇല്ലെങ്കിൽ വമ്പിച്ച അവഗണന തുടരുകതന്നെ ചെയ്യും. കഴിഞ്ഞ അഞ്ചെട്ടുകൊല്ലമായി കേരളത്തിന്റെ ഒരു ഭാഗത്ത് മുഴുവൻ ഇത്തരം അവഗണന തുടരുകയാണ്. ഇനിയും ഈ സർക്കാർ ഇതേ അവഗണന തുടരുകയാണെങ്കിൽ അത് വളരെ വലിയൊരു നിഷേധമാണ്. എല്ലാകൊല്ലവും സമരമുണ്ടാകുന്നുണ്ടെന്ന് പറഞ്ഞിട്ട് കാര്യമില്ല. ഗവൺമെന്റിന്റെ ഈ

സമീപനത്തിൽ പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

ശ്രീ. മോൻസ് ജോസഫ്: സർ, മലബാർ മേഖലയിലെ വിവിധ ജില്ലകളിൽ ഹയർ സെക്കൻഡറി പഠനത്തിന് അവസരം നിഷേധിക്കപ്പെടുന്ന വിദ്യാർത്ഥികളുടെ പ്രശ്നങ്ങളാണ് ഇന്ന് പ്രതിപക്ഷം നിയമസഭയിൽ കൊണ്ടുവന്നത്. ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ മറുപടിയിൽ ചൂണ്ടിക്കാണിച്ചതുപോലെ കുട്ടികൾക്ക് ആവശ്യമായ സൗകര്യമുണ്ടെന്നുള്ളത് വസ്തുതാപരമായി ശരിയല്ലെന്നാണ് പ്രതിപക്ഷ നേതാക്കൾ ഇവിടെ വീണ്ടും ആവർത്തിച്ച് പറഞ്ഞത്. ഇക്കാര്യങ്ങൾ പരിശോധിക്കാൻ ഗവൺമെന്റ് തയ്യാറാകണമെന്ന് വിനീതമായി അഭ്യർഥിക്കുകയാണ്. കാരണം പത്താംക്ലാസിനുശേഷം പതിനൊന്നും, പന്ത്രണ്ടും ക്ലാസുകളിൽ പഠിക്കാനുള്ള കുട്ടികളുടെ അവകാശമെന്നത് ഒരു ഭാഗത്തുണ്ട്. രണ്ട്, സയൻസ് വിഷയത്തിൽ പഠിക്കാനാണ് എല്ലാ കുട്ടികളും ആഗ്രഹിക്കുന്നത്. ഇത് കേരളത്തിലൊട്ടാകെ എല്ലാ സ്ഥലത്തുമുള്ള വിഷയമാണ്. സയൻസ് വിഷയം പഠിക്കാൻ ആഗ്രഹിക്കുമ്പോഴും അതിനാവശ്യമായ സീറ്റില്ല എന്നതാണ് വസ്തുത. സയൻസ്

വിഷയത്തിൽ സീറ്റ് കൂടുതൽ അനുവദിക്കണം. ഹ്യൂമാനിറ്റീസ് പോലുള്ള മറ്റ് വിഷയങ്ങളിൽ കുട്ടികൾ ചേരാതെ സീറ്റുകൾ ഒഴിഞ്ഞു കിടക്കുന്നത് സ്വാഭാവികമാണ്. സയൻസ് വിഷയങ്ങളിൽ കൂടുതൽ ബാച്ചുകൾ കൊടുക്കാൻ കഴിയുന്ന വിധത്തിലുള്ള നിലപാടിലേക്ക് ഗവൺമെന്റ് വരേണ്ടത് അത്യന്താപേക്ഷിതമായ കാര്യമാണ്. അതിനാൽ ഗവൺമെന്റ് ഇക്കാര്യം വീണ്ടും പരിശോധിക്കാൻ തയ്യാറാകണമെന്ന് അഭ്യർത്ഥിക്കുന്നു. കുട്ടികളുടെ ഭാവിയെ ബാധിക്കുന്ന ഇത്രയും ഗുരുതരമായൊരു പ്രശ്നമുണ്ടായിട്ടും അതിനോട് അനുഭാവപൂർവ്വമായൊരു നിലപാട് സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകാത്തതിൽ പ്രതിഷേധിച്ചുകൊണ്ട് വാക്കൗട്ടിൽ പങ്കെടുക്കുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. മോൻസ് ജോസഫ് സഭ വിട്ട് പുറത്തുപോയി.)

ശ്രീ. അനൂപ് ജേക്കബ്: സർ, മാർജിനൽ ഇൻക്രീസ് വഴി 65-70 കുട്ടികൾ വരെ വരുമ്പോഴുണ്ടാകാൻ പോകുന്ന വിദ്യാഭ്യാസ നിലവാരത്തകർച്ചയെക്കുറിച്ച് പറഞ്ഞപ്പോൾ ബഹുമാനപ്പെട്ട മന്ത്രി പി. കെ. അബ്ദുറബ്ബിന്റെ കാലത്തെ 80 കുട്ടികളുടെ കണക്കാണ് പറഞ്ഞത്. അങ്ങ് വിഷയത്തിലേക്ക് കടന്നുവരുന്നില്ല.

അഡീഷണൽ ബാച്ചുകൾ നൽകികൊണ്ട് അന്നത്തെ ഗവൺമെന്റ് ഈ വിഷയത്തിലേക്ക് ആധികാരികമായി ഇടപെട്ടുവെന്നുള്ളത് വിസ്മരിക്കരുത്. ഇന്നിവിടെ കുട്ടികൾക്ക് പഠിക്കാനുള്ള സൗകര്യങ്ങൾ നിഷേധിക്കുന്ന നിലയിലേക്ക് ഈ വിഷയം മാറുകയാണ്. ഒരു മേഖലയോടും വേർതിരിവില്ലെന്ന് ബഹുമാനപ്പെട്ട മന്ത്രി പറയുമ്പോൾ അത് മുഖവിലയ്ക്കെടുക്കണമെങ്കിൽ നീതിയുക്തമായ സമീപനം ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണം; അതുണ്ടാകുന്നില്ല. ഈ വിഷയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭ വിട്ട് പുറത്തുപോയി.)

<u>ശ്രീമതി കെ. കെ. രമ</u>: സർ, റിസൾട്ട് അറിഞ്ഞതിനുശേഷം വിദ്യാർത്ഥികളും രക്ഷിതാക്കളും വളരെ ആശങ്കയിലാണ്. അവർക്കിഷ്ടപ്പെട്ട വിഷയം ഇഷ്ടപ്പെട്ട സ്കൂളിൽ കിട്ടാതെ പല ബുദ്ധിമുട്ടുകളുമുണ്ട്. 60 കുട്ടികളാണ് ഒരു ക്ലാസിലുണ്ടാകുന്നത്. അങ്ങനെ വരുമ്പോൾ വലിയ പ്രയാസങ്ങളുണ്ടാകുകയാണ്. ഇക്കാര്യം അടിയന്തരമായി ഗവൺമെന്റ്

പുനഃപരിശോധിക്കണം. അധിക ബാച്ച് അനുവദിക്കുന്നതിനാവശ്യമായ സാഹചര്യങ്ങളുണ്ടോയെന്ന് സർക്കാർ പരിശോധിക്കണം. ഈ വിഷയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീമതി കെ. കെ. രമ സഭ വിട്ട് പുറത്തുപോയി.

സഭ വിട്ടുപോയ പ്രതിപക്ഷാംഗങ്ങൾ അല്പസമയത്തിനുശേഷം സഭയിൽ തിരികെ പ്രവേശിച്ചു.)